VOL NO: 09
ISSUE 51
2025 DECEMBER 20
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ അറബി ഭാഷ: കാലം മായ്ക്കാത്ത അക്ഷരവെളിച്ചം

# കേരളത്തിന്റെ സുരക്ഷക്ക് തദ്ദേശീയരുടെ താക്കീത്



കേരളം ആകാംക്ഷയോടെ കാത്തിരുന്ന തദ്ദേശ തെരഞ്ഞെടുപ്പ് ഫലം കക്ഷി രാഷ്ട്രീയ ചിന്തകൾക്കപ്പുറം ഏറെ പ്രതീക്ഷയാണ് പങ്കുവെക്കുന്നത്. വർഗീയതയിലൂടെയും വിഭാഗീയ പ്രവർത്തനങ്ങളിലൂടെയും പ്രീണന രാഷ്ട്രീയത്തിലൂടെയും നാട്ടിൽ വേരുറപ്പിക്കാൻ കഴിയില്ലെന്നും, നിലപാടുകളാണ് പ്രബുദ്ധ കേരളം ആഗ്രഹിക്കുന്നതെന്നും തിരിച്ചറിഞ്ഞ ദിനങ്ങളായിരുന്നു കഴിഞ്ഞുപോയത്.

**ഇസ്‌ലാമിലെ ആതിഥ്യമര്യാദ**

**മലയാളികൾ നിലപാടുകൾക്കൊപ്പമാണ്**

**‘ഹേ, മനുഷ്യരേ!’ അതിരുകളില്ലാത്ത ദൈവിക സംബോധന**


دار الحكمة
WISDOM
HOUSE
CALICUT
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

# 465 നേർപഥം വാരിക

2025 ഡിസംബർ 20
1447 ജമാദുൽ ആഖിർ 29
പുസ്തകം 09 / ലക്കം 51


Managing Editor: **Nasir Balusseri**
Editor: **Usman Palakkazhi**
Chief Editor: **Anil Primrose**

Cover: **Anil**
Design & Layout: **Musthafa Mannarottil**
Web Editor: **Haseeb Elayur**

Printed, published & owned by: **K. Sajjad**
Printed at : **Sprint Offset Printers, Kozhikode**
Published at : **Kozhikode - 673 002**








സുഫ്‌യാൻ അബ്ദുസ്സലാം

കേരളം ആകാംക്ഷയോടെ കാത്തിരുന്ന തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കക്ഷി രാഷ്ട്രീയ ചിന്തകൾക്കപ്പുറം ഏറെ പ്രതീക്ഷയാണ് പങ്കുവെക്കുന്നത്. വർഗീയതയിലൂടെയും വിഭാഗീയ പ്രവർത്തനങ്ങളിലൂടെയും പ്രീണന രാഷ്ട്രീയത്തിലൂടെയും നാട്ടിൽ വേരുറപ്പിക്കാൻ കഴിയില്ലെന്നും നിലപാടുകളാണ് പ്രബുദ്ധ കേരളം ആഗ്രഹിക്കുന്നതെന്നും തിരിച്ചറിഞ്ഞ ദിനങ്ങളായിരുന്നു കഴിഞ്ഞുപോയത്.


**04** നമുക്കുചുറ്റും
മലയാളികൾ നിലപാടുകൾക്കൊപ്പമാണ്
ടി.കെ അശ്റഫ്

**05** മുഖമൊഴി
മിതാഹാരം ശീലമാക്കുക

**06** ലേഖനം
അറബി ഭാഷ: കാലം മായ്ക്കാത്ത അക്ഷരവെളിച്ചം
അഹ്സന മലയിൽ

**15** ലേഖനം
ഇഖ്‌വാനുൽ മുസ്‌ലിമൂൻ:മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം
മുഹമ്മദ് അമീൻ

**18** ലേഖനം
തദ്ദേശം സദുദ്ദേശ്യം
നബീൽ പയ്യോളി

**22** വനിതാപഥം
ക്ഷമയിലെ നന്മ
നസീമ വാടാനപ്പള്ളി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** കുടുംബപഥം
ഇസ്‌ലാമിലെ ആതിഥ്യമര്യാദ
അമീന തൻസീം

**31** ലേഖനം
'ഹേ, മനുഷ്യരേ!' അതിരുകളില്ലാത്ത ദൈവിക സംബോധന
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

**34** ബാലപഥം
കഅ്ബ
ഉസ്മാൻ പാലക്കാഴി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

# മലയാളികൾ നിലപാടുകൾക്കൊപ്പമാണ്

കേരളത്തിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഫലം വന്നു കഴിഞ്ഞു. ജയിച്ചവർ അതിന്റെ ആഹ്ലാദത്തിലും തോറ്റവർ അതിന്റെ നൈരാശ്യത്തിലുമാണ്. തോറ്റതിന്റെയും ജയിച്ചതിന്റെയും കാര്യങ്ങളും കാരണങ്ങളയും ചികയുന്ന തിരക്കിലാണിപ്പോൾ അവർ.

'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിലെ പരാജയം കൃത്യമായ പഠനത്തിന് വിധേയമാക്കു'മെന്ന, മുഖ്യമന്ത്രിയുടെ പ്രസ്താവന കണ്ടു. യുഡിഎഫ് ഇത്ര വലിയ വിജയം എങ്ങനെ നേടിയെന്ന് ഞങ്ങളും പഠിക്കുമെന്നാണ് പ്രതിപക്ഷ നേതാവിന്റെ പ്രതികരണത്തിലും കണ്ടത്.

പരാജയപ്പെട്ടവർ കാരണം പരിശോധിക്കുമെന്ന് സാധാരണ പറയാറുള്ളതാണ്. എന്നാൽ വിജയിച്ചവർ അത് പഠിച്ച് വിലയിരുത്തുമെന്ന് സാധാരണ പറഞ്ഞു കേൾക്കാറില്ല. ഈ ഘട്ടത്തിൽ അങ്ങനെയൊരു പ്രതികരണം വന്നത് ശ്രദ്ധേയമാണെന്ന് പറയാതെ വയ്യ.

ഏതായാലും രണ്ടു കൂട്ടരും വിലയിരുത്തേണ്ടതും ഒരിക്കലും വിട്ടുപോകാൻ പാടില്ലാത്തതുമായ ഒരു ആശയമുണ്ട്. അത് മറ്റൊന്നുമല്ല; നമ്മുടെ കേരളത്തിന്റെ സാമൂഹ്യ സൗഹാർദമാണത്. വർഗീയ വിഷവിത്ത് വിതച്ച ഉത്തരേന്ത്യയുടെ പാഠം നമ്മുടെ മുന്നിലുണ്ട്. ദക്ഷിണേന്ത്യ അത്രതന്നെ വർഗീയ ധ്രുവീകരണത്തിന് വിധേയമായിട്ടില്ല. മാത്രമല്ല കേരളത്തെ ആരെങ്കിലും വർഗീയമായി ധ്രുവീകരിക്കാനും അതുവഴി പൊളിറ്റിക്കൽ ഡിവിഡന്റ് നേടാനും ആഗ്രഹിക്കുന്നുവെങ്കിൽ മലയാളികൾ അതിനെ അനുവദിക്കില്ലെന്നും മത-ജാതി ഭേദമന്യെ അതിനെ തകർക്കുമെന്നും ഈ തെരഞ്ഞെടുപ്പ് ഫലം എല്ലാ കക്ഷികൾക്കും സന്ദേശം നൽകുന്നുണ്ട്.

ഒരു കാരണവശാലും ഏതെങ്കിലും ഒരു സമുദായത്തെ നാട്ടക്കുറ്റിയാക്കി അവർ പ്രശ്നക്കാരാണെന്ന് പറയുന്ന രീതി ഉണ്ടാകരുത്. അത് കേരളം അംഗീകരിക്കില്ലെന്ന് ഈ ഘട്ടത്തിലെങ്കിലും തിരിച്ചറിയാൻ വിവേകമുണ്ടാവണം. കേരള ജനത അത്രമേൽ ഇടകലർന്ന് ജീവിക്കുന്നവരാണ്. അവരെ മതവിദ്വേഷം പറഞ്ഞു തമ്മിൽ തെറ്റിക്കുക അത്ര എളുപ്പമല്ല.

അതിനുള്ള ശ്രമങ്ങൾ തീവ്ര വലതുപക്ഷ കക്ഷികൾ ഇത്രകാലം നടത്തിയിട്ടും അവർക്ക് വിജയി ക്കാനായിട്ടില്ല. എന്നാൽ മതനിരപേക്ഷത അവകാശപ്പെടുന്ന കക്ഷികൾ താൽക്കാലിക താൽപര്യത്തിന്റെ പുറത്ത് വിഭാഗീയതക്ക് ചൂട്ടുപിടിക്കുമ്പോൾ അതിന്റെ ഗുണം ബിജെപിയിലേക്ക് മാത്രമെ ആത്യന്തികമായി എത്തിച്ചേരുകയുള്ളൂ.

അതുകൊണ്ട് പരാജയപ്പെട്ടവരും വിജയിച്ചവരും നാടിന്റെ സൗഹാർദം തകരുന്ന പണിക്ക് ഒരിക്കലും നിൽക്കരുത്. ചില സ്ഥലങ്ങളിൽ ബിജെപിക്ക് ലഭിച്ച വിജയം എൽഡിഎഫും യുഡിഎഫും മറ്റു കക്ഷികളും ചേർന്ന് നിൽക്കാൻ തീരുമാനിച്ചാൽ അവസാനിപ്പിക്കാവുന്നതേയുള്ളൂ. അതിനുള്ള വിശാലത കാണിക്കുമ്പോഴാണ് ഫാസിസ്റ്റ് വിരുദ്ധ നിലപാടിലെ ആത്മാർഥത തെളിയിക്കാനാവുക. അല്ലാത്ത പക്ഷം വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വലിയ പ്രതിസന്ധി വരാൻ സാധ്യതയുണ്ട്.

നാടിന്റെ നട്ടെല്ല് തകർക്കുന്ന കമ്യൂണൽ ഫാസിസത്തോടും കുടുംബ സംവിധാനത്തിന്റെ കെട്ടു പൊട്ടിക്കുന്ന ലിബറൽ ഫാസിസത്തോടും ഇരു മുന്നണികളും എന്ത് നിലപാടെടുക്കുന്നുവെന്ന് സസൂക്ഷ്മം വീക്ഷിക്കുന്ന വലിയൊരു സമൂഹം ഇവിടെയുണ്ടെന്ന കാര്യം വിസ്മരിക്കരുത്. നാം അറിയുക; വ്യാജ പ്രൊഫൈലുകളും അജണ്ട വെച്ച് പ്രവർത്തിക്കുന്ന യൂട്യൂബ് ചാനലുകളും ചില ന്യൂസ് റൂമുകളും ആങ്കർമാരും ഉണ്ടാക്കുന്ന കൃത്രിമ കേരളമല്ല യഥാർഥ കേരളം. താൽപര്യങ്ങളോടൊപ്പമല്ല;നില പാടുകളോടൊപ്പമാണ് മലയാളികളുള്ളത്. ■

# മിതാഹാരം ശീലമാക്കുക

ജീവിതിശൈലി രോഗങ്ങളാൽ കഷ്ടപ്പെടുന്നവരായിരിക്കുന്നു മലയാളികളിൽ അധികവും. വ്യായാമക്കുറവ്, അനാരോഗ്യകരമായ ഭക്ഷണരീതി, ലഹരി ഉപയോഗം, പുകവലി, മാനസിക സമ്മർദം, ഉറക്കക്കുറവ് തുടങ്ങിയ ജീവിതശൈലിയിലെ തെറ്റായ തിരഞ്ഞെടുപ്പുകൾ കാരണം ഉണ്ടാകുന്ന രോഗങ്ങളാണ് ജീവിത ശൈലി രോഗങ്ങൾ. പ്രമേഹം, അമിതവണ്ണം, ഹൃദ്രോഗം, രക്താതിമർദം, ചില തരം അർബുദങ്ങൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

അമിതവണ്ണവും അമിതമായ പഞ്ചസാരയുടെ ഉപയോഗവും പ്രമേഹത്തിനു കാരണമാകുന്നു. അമിതവണ്ണത്തിന്റെ പ്രധാന കാരണം തെറ്റായ ഭക്ഷണരീതിയും വ്യായാമക്കുറവുമാണ്. രക്താതിമർദത്തിന് ഉപ്പിന്റെ അമിതമായ ഉപയോഗവും മാനസിക സമ്മർദവും കാരണമായേക്കാം. ഹൃദ്രോഗം അമിതമായി കൊഴുപ്പടങ്ങിയ ഭക്ഷണം, പുകയില ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അമിതമായി ഭക്ഷണം കഴിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ച് അറിയാത്തവരല്ല മലയാളികൾ. വാട്സാപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയുമൊക്കെ നിരന്തരം അതിന്റെ ദൂഷ്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ നമ്മുടെ മുമ്പിലെത്താറുണ്ട്. അതൊക്കെ കണ്ടും കേട്ടും വായിച്ചും ആസ്വദിക്കുമെന്നല്ലാതെ ആഹാരം നിയന്ത്രിക്കുന്ന വിഷയത്തിൽ ആരും ശ്രദ്ധിക്കാറില്ല എന്നതാണ് വാസ്തവം. ഈ വിഷയത്തിലും ഇസ്‌ലാം കൃത്യമായ മാർഗനിർദേശം ലോകത്തിന് നൽകുന്നുണ്ട്.

മിതാഹാരമാണ് ഇസ്‌ലാം നിർദേശിക്കുന്നത്. ദഹനേന്ദ്രിയ രോഗങ്ങൾ വരാതിരിക്കാനും ഇത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. അമിതമാകരുത്. അമിയമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല”(7:31).

അമിതമായി ആഹരിക്കുന്നത് വിശ്വാസിയുടെ സംസ്കാരമല്ലെന്ന് നബി(സ്വ) വ്യക്തമാക്കുന്നു: “സത്യവിശ്വാസി ഒരു കുടലിൽ ഭക്ഷിക്കുന്നു. സത്യനിഷേധി ഏഴ് കുടലിൽ ഭക്ഷിക്കുന്നു” (മുസ്‌ലിം).

അമിതാഹാരം ഉപേക്ഷിക്കണമെന്ന് മാത്രമല്ല മിതാഹാരത്തിന്റെ രൂപം നബി(സ്വ) സൂചിപ്പിക്കുകകൂടി ചെയ്തു: “ഉദരത്തെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. മനുഷ്യന്ന് തന്റെ മുതുകിനെ നേരെ നിർത്തുന്ന ഏതാനും ഉരുളകൾ മതിയാകുന്നതാണ്. അനിവാര്യമാണെങ്കിൽ മൂന്നിലൊരുഭാഗം ഭക്ഷണത്തിനും മൂന്നിലൊരുഭാഗം പാനീയത്തിനും മൂന്നിലൊരുഭാഗം ശ്വസനത്തിനും അവർ ഉപയോഗിക്കട്ടെ”(തിർമിദി,ഹാകിം).

അമിതാഹാരം ആരോഗ്യവിഷയത്തിലും ആരാധനാകർമങ്ങളിലുമൊക്കെ ഉണ്ടാക്കുന്ന വിഷമങ്ങൾ കുറച്ചൊന്നുമല്ല. തദ്സംബന്ധമായി പണ്ഡിതന്മാർ നൽകിയ വിവരണം ചിന്താർഹമാണ്: “ജീവൻ നിലനിർത്താനും നമസ്കാരം, നോമ്പ് തുടങ്ങിയ നിർബന്ധ ബാധ്യതകൾ നിർവഹിക്കുവാനും മതിയായ ഭക്ഷണം അനിവാര്യവും ഐഛികാരാധനകൾ നിർവഹിക്കുവാനും ഉപജീവനത്തിനു വേണ്ടി തൊഴിൽ ചെയ്യാനും വേണ്ടത്ര അത് കഴിക്കുന്നത് ആവശ്യവുമാണ്. എന്നാൽ മൂന്നിലൊരു ഭാഗം വരെ കഴിക്കുന്നത് അനുവദിക്കപ്പെട്ടതാണ്. അതിനെക്കാളധികം ഭക്ഷിച്ചാൽ ഉറക്കവും അലസതയും ശരീരത്തിന് അമിതഭാരവും അത് ഉണ്ടാക്കുന്നതാണ്.”

ഭക്ഷണം കഴിച്ച് രണ്ടുമണിക്കൂറിനുള്ളിൽ ദഹനപ്രക്രിയ ഉദരത്തിൽ തിരക്കുപിടിച്ച് നടക്കുന്നു. മൂന്ന് മണിക്കൂറിനകം അത് പൂർത്തിയാകുകയും ചെയ്യുന്നു. എന്നാൽ അമിതാഹാരം മൂലം ഭക്ഷണം ദഹിക്കാൻ എട്ട് മണിക്കൂർ വേണ്ടിവരുന്നു. ഇത് അജീർണവും അതിസാരം, തലവേദന, കൂടിയ രക്തസമ്മർദം, ഹൃദ്രോഗം തുടങ്ങിയ പലരോഗങ്ങളും ഉണ്ടാക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി ഇസ്‌ലാമിക നിർദേശങ്ങൾ ലക്ഷ്യം വയ്ക്കുന്നുവെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. ■



അഹ്സന മലയിൽ

# അറബി ഭാഷ: കാലം മായ്ക്കാത്ത അക്ഷരവെളിച്ചം

ഏതൊരു ഭാഷയുടെയും മഹത്ത്വം അത് പണ്ഡിതന്മാരുടെ ഗ്രന്ഥപ്പുരകളിലെ തണുപ്പിൽ എത്രത്തോളം സുരക്ഷിതമായിരിക്കുന്നു എന്നതിലല്ല; മറിച്ച്, അത് എത്രകണ്ട് മനുഷ്യരുടെ നാവുകളിൽ ജീവനദിയായി ഒഴുകിനടക്കുന്നു എന്നതിലാണ്! ഒരു ഭാഷ കേവലം അക്ഷരങ്ങളുടെ ഒരു സമാഹാരമായി ചുരുങ്ങുമ്പോൾ അതിന്റെ ആത്മാവ് പതിയെ നഷ്ടപ്പെടുന്നു. അതൊരു വിസ്മൃതിയിലാണ്ട 'പുരാവസ്തു' മാത്രമായി മാറുന്നു. ഭാഷാസാഹിത്യങ്ങളുടെ എണ്ണത്തിലല്ല, ഭാഷ അറിയുന്ന മനുഷ്യരുടെ എണ്ണത്തിലാണ് ഒരു ഭാഷയുടെ പ്രസക്തിയും ഭാവിയും നിലനിൽക്കുന്നത് എന്ന, 'സംസ്കൃത'ത്തിന്റെ ചരിത്രപാഠം, നമുക്ക് നൽകുന്ന മുന്നറിയിപ്പ് ചെറുതല്ല.

മലയാള മണ്ണിൽ നൂറ്റാണ്ടുകൾക്കു മുമ്പ് വിതച്ച വിജ്ഞാനത്തിന്റെ വിത്താണ് അറബി ഭാഷ. അതൊരു പുഴയാണ്, വറ്റാത്ത അറിവിന്റെ അലകൾ പേറുന്ന പുഴ!

ക്വുർആനിന്റെ വചനങ്ങളുടെ ആഴവും ആശയപരമായ സൗന്ദര്യവും ഇസ്‌ലാമിക നിയമങ്ങളുടെ സ്രോതസ്സും അറിയണമെങ്കിൽ, കേവലം പാരായണ അറിവിൽ മാത്രം ചുരുങ്ങാതെ, ആശയ ഗ്രഹണത്തിലേക്ക് വളരാൻ ഭാഷാജ്ഞാനം അനിവാര്യമാണ്. മധ്യകാലഘട്ടത്തിൽ വിജ്ഞാനത്തിന്റെ വിളക്കുകൾ തെളിയിച്ച ശാസ്ത്രജ്ഞരും തത്ത്വചിന്തകരും ഗണിതശാസ്ത്രജ്ഞരും അറബി ഭാഷയിലായിരുന്നു തങ്ങളുടെ ഗവേഷണങ്ങൾ രേഖപ്പെടുത്തിയത്.

കേവലം ഒരു വിഭാഗത്തിന്റെ 'ആരാധനാ ഭാഷ' എന്നതിനപ്പുറത്തേക്ക് നമ്മുടെ സംസ്ഥാനത്ത് അറബി ഭാഷക്ക് കുറച്ചൊക്കെ വളരാൻ കഴിഞ്ഞിട്ടുണ്ട്. മുസ്‌ലിംകളല്ലാത്ത എത്രയോ പേർ അത് പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. സ്കൂൾ-കോളേജ് തലങ്ങളിൽ അറബി ഭാഷ പഠിക്കാനുള്ള സൗകര്യമുള്ളത് ചെറിയ കാര്യമല്ല.

**അറബിയുടെ ആഗോളമുദ്ര**

ലോകത്തെ ഏറ്റവും ശക്തമായ ആശയവിനിമയത്തിന്റെ ആറു ഭാഷകളുടെ പട്ടികയിൽ, ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, ചൈനീസ്, സ്പാനിഷ് എന്നിവയ്ക്കൊപ്പം അറബിയെയും ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി അംഗീകരിച്ചതിലൂടെ, ഈ ഭാഷയുടെ ആഗോള സ്വാധീനം അടിവരയിട്ട് രേഖപ്പെടുത്തുകയാണ്. 1973 ഡിസംബർ 18ന് ഈ പദവി ലഭിച്ച അറബി, ലോകത്തിന്റെ ബഹുസ്വരതയെയും അറുപതിലധികം രാജ്യങ്ങളിലെ 242 മില്യൺ ജനങ്ങളുടെ സാംസ്കാരിക പൈതൃകത്തെയും പ്രതിനിധീകരിക്കുന്നു. യുനെസ്കോയുടെ നേതൃത്വത്തിൽ 2010 മുതൽ ഈ ദിനം അന്താരാഷ്ട്ര അറബി ഭാഷാദിനമായി ആചരിക്കുന്നു.

നയതന്ത്രത്തിന്റെയും സ്ഥിതിവിവരത്തിന്റെയും ഈ കണക്കുകൾക്കപ്പുറം, അറബി ഭാഷയുടെ അനശ്വരമായ പ്രസക്തി പ്രകടമാകുന്നത് അത് വിശുദ്ധ ക്വുർആനിന്റെ ഭാഷയാണ് എന്നതിലൂടെയാണ്. ക്വുർആനിലെ ഓരോ വരിയും അതിന്റെ താളവും നിയമങ്ങളും അറബിഭാഷയുടെ അത്യപൂർവമായ സാഹിത്യസൗന്ദര്യത്തെയും ദൈവികമായ പരിഗണനയെയും അടയാളപ്പെടുത്തുന്നു. അറബികളല്ലാത്ത മില്യൺ കണക്കിന് മുസ്‌ലിംകൾ ദിനംപ്രതി അഞ്ചുനേര നമസ്കാരത്തിലൂടെയും, ക്വുർആൻ പാരായണത്തിലൂടെയും, ഹദീസ് പഠനത്തിലൂടെയും ഈ ഭാഷ ഉപയോഗിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ, അറബിഭാഷ ഇന്ന് ലോകത്ത് ദിനേന ഏറ്റവുമധികം വായിക്കപ്പെടുന്നതും ആദരിക്കപ്പെടുന്നതുമായ ഭാഷ എന്ന അനിഷേധ്യമായ സത്യമായി മാറുന്നു.

ക്വുർആനിന്റെ വചനങ്ങളുടെ ആഴവും ആശയപരമായ സൗന്ദര്യവും ഇസ്‌ലാമിക നിയമങ്ങളുടെ സ്രോതസ്സും അറിയണമെങ്കിൽ, കേവലം പാരായണ അറിവിൽ മാത്രം ചുരുങ്ങാതെ, ആശയ ഗ്രഹണത്തിലേക്ക് വളരാൻ ഭാഷാജ്ഞാനം അനിവാര്യമാണ്. മധ്യകാലഘട്ടത്തിൽ വിജ്ഞാനത്തിന്റെ വിളക്കുകൾ തെളിയിച്ച ശാസ്ത്രജ്ഞരും തത്ത്വചിന്തകരും ഗണിതശാസ്ത്രജ്ഞരും അറബി ഭാഷയിലായിരുന്നു തങ്ങളുടെ ഗവേഷണങ്ങൾ രേഖപ്പെടുത്തിയത്. വൈദ്യശാസ്ത്രം, അൽജിബ്ര, ജ്യോതിശാസ്ത്രം തുടങ്ങിയ മേഖലകളിലെ അറബി ഗ്രന്ഥങ്ങൾ നൂറ്റാണ്ടുകളോളം യൂറോപ്പിലെ സർവകലാശാലകളിൽ പാഠപുസ്തകങ്ങളായിരുന്നു.

**ഓത്തുപള്ളികളിൽനിന്ന് അറബിക് കോളേജുകളിലേക്ക്**

അറബി ഭാഷയ്ക്കും സാഹിത്യത്തിനും മുഹമ്മദ് നബി(സ്വ)യുടെ ആഗമനത്തിന് മുമ്പുതന്നെ വലിയ പ്രചാരമുണ്ടായിരുന്നെങ്കിലും, ആ മഹാപ്രവാചകനിലൂടെ ഇസ്‌ലാം പൂർണമാക്കപ്പെടുകയും ക്വുർആൻ ലോകവ്യാപകമാവുകയും ചെയ്തതോടെയാണ് ലോകത്തിന്റെ അഷ്ടദിക്കുകളിൽ അറബിഭാഷ ശ്രദ്ധാകേന്ദ്രമായത്.

ക്വുർആൻ പഠനത്തിനും പ്രാഥമിക ഇസ്‌ലാമിക വിദ്യാഭ്യാസം നൽകുന്നതിനും വേണ്ടി മലബാർ മുഴുവനും നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പ്രാഥമിക മാർഗമായിരുന്നു ഓത്തുപള്ളികൾ. ഹിജാസ്, യമൻ, ഈജിപ്ത്

എന്നിവിടങ്ങളിൽനിന്ന് കുടിയേറിപ്പാർത്ത പണ്ഡിതന്മാരാണ് ഈ പഠനരീതി കേരളത്തിൽ കൊണ്ടുവന്നത്. കാലത്തിന്റെ ആവശ്യകതയനുസരിച്ച് ഈ പഠനകേന്ദ്രങ്ങൾ കൂടുതൽ സംഘടിതമായ മദ്റസകളായി വളർന്നു പരിണമിച്ചു. 1908ൽ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി ആധുനിക രീതിയിലുള്ള മദ്റസാ പഠന സമ്പ്രദായം സ്ഥാപിച്ചത് അറബി ഭാഷാപഠന ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ വിപ്ലവമായിരുന്നു. ഈ മുന്നേറ്റം വിദ്യാഭ്യാസ വിപ്ലവത്തിന് വഴി തുറക്കുകയും മലബാറിലെ സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തു.

**പ്രതിബന്ധങ്ങളുടെ കാലവും ഭാഷാ പ്രചാരകരുടെ നിസ്വാർഥ സേവനവും**

സൈനുദ്ദീൻ മഖ്ദൂം, കെ.എം മൗലവി തുടങ്ങിയ, ലോകം അംഗീകരിച്ച പണ്ഡിതന്മാർ കേരളത്തിൽ ഉദയം ചെയ്തിട്ടും ഒരു കാലഘട്ടംവരെ ഭാഷാ പ്രചാരണം ദുർബലമായിരുന്നു. ഇതിന് കാരണം, പഠനസൗകര്യങ്ങൾ ഒരുക്കുന്നതിൽ അന്നത്തെ ഭരണകൂടത്തിന്റെ അലംഭാവവും അറബിഭാഷയോടും മുസ്‌ലിംകളോടും അവർക്കുണ്ടായിരുന്ന ഒരുതരം 'ചതുർഥി'യും ആയിരുന്നു. എങ്കിലും, ഈ പ്രതിബന്ധങ്ങളെ തങ്ങളുടെ ദൃഢനിശ്ചയംകൊണ്ട് നേരിട്ട മഹാരഥന്മാർ, അവിശ്രമം ഭാഷയുടെ പ്രചാരകരായി, നിസ്വാർഥ സേവകരായി, കർമഭടന്മാരായി ജീവിച്ചു. അവരുടെ ഈ പോരാട്ടഫലമായി അറബിഭാഷ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സംവിധാനത്തിൽ അതിന്റേതായ സ്ഥാനം ഉറപ്പിക്കുകയും ചെയ്തു. പുതുതലമുറക്ക് ഇന്ന് സർക്കാർ സംവിധാനത്തിലൂടെ തന്നെ അറബി ഭാഷാ പഠനം സാധ്യമാകുന്നത് ഈ ചരിത്രം രചിച്ച മഹത്തുക്കളുടെ ത്യാഗഫലമായാണ് എന്ന കാര്യം നാം തിരിച്ചറിയണം. അറബിഭാഷ കേവലം ഒരു ഭാഷാ രൂപമല്ല, അത് ഒരു സംസ്കാരത്തിന്റെയും നാഗരികതയുടെയും ഭാഷയാണ്. അരാജകത്വം നിറഞ്ഞാടിയിരുന്ന 'ജാഹിലിയ്യത്തിൽ' നിന്നും സംസ്കാരത്തിന്റെ ഉത്തുംഗ പദവികളിലേക്ക് ഒരു സമൂഹത്തെ കൈപിടിച്ചുയർത്തിയ വിശുദ്ധ ക്വുർആനിന്റെ ഭാഷയാണത്.



ഭാഷാ സാഹിത്യകൃതികളുടെ എണ്ണത്തിലല്ല, ഭാഷ അറിയുന്ന, ഉപയോഗിക്കുന്ന മനുഷ്യരുടെ എണ്ണത്തിലാണ് ഒരു ഭാഷയുടെ പ്രസക്തിയും ഭാവിയും നിലനിൽക്കുന്നത് എന്ന് നേരത്തെ സൂചിപ്പിച്ചു. സാമൂഹിക മാധ്യമങ്ങളിൽ അഭിരമിച്ച് സമയം പാഴാക്കാതെ, യുവസമൂഹം അറബി ഭാഷ പഠിക്കാനായി സമയം കണ്ടെത്തണം. ക്വുർആൻ പാരായണത്തിനായുള്ള അറിവ് പോരെന്നും അതിലെ വചനങ്ങളുടെ ആശയപരമായ ആഴത്തിലേക്ക്

> ഭാഷാ സാഹിത്യകൃതികളുടെ എണ്ണത്തിലല്ല, ഭാഷ അറിയുന്ന, ഉപയോഗിക്കുന്ന മനുഷ്യരുടെ എണ്ണത്തിലാണ് ഒരു ഭാഷയുടെ പ്രസക്തിയും ഭാവിയും നിലനിൽക്കുന്നത്. സാമൂഹിക മാധ്യമങ്ങളിൽ അഭിരമിച്ച് സമയം പാഴാക്കാതെ, യുവസമൂഹം അറബി ഭാഷ പഠിക്കാനായി സമയം കണ്ടെത്തണം. ക്വുർആൻ പാരായണത്തിനായുള്ള അറിവ് പോരെന്നും അതിലെ വചനങ്ങളുടെ ആശയപരമായ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അറബി ഭാഷയിൽ അറിവ് വേണമെന്നും തിരിച്ചറിയണം.



ഭാഷയുടെ സൗന്ദര്യത്തെ അതിന്റെ ഉദാത്തമായ സംസ്കാരത്തിലും അത്യുന്നത സാഹിത്യത്തിലും ആഴമേറിയ ആത്മീയതയിലും നിലനിർത്തി, അതിനെ ജനകീയമാക്കുക എന്നത് പ്രധാനമാണ്. ഭാഷയുടെ സംരക്ഷണം എന്നത് അക്ഷരങ്ങളെ പൂട്ടിയിടുന്നതിലല്ല; മറിച്ച്, അതിനെ ദൈനംദിന വ്യവഹാരങ്ങളിലും സാംസ്കാരിക കൈമാറ്റങ്ങളിലും നിരന്തരം ഉപയോഗിക്കുന്നതിലാണ്.

ഇറങ്ങിച്ചെല്ലാൻ അറബി ഭാഷയിൽ അറിവ് വേണമെന്നും തിരിച്ചറിയണം.

**വെളിച്ചം വിതറുന്ന 'ജാമിഅ അൽഹിന്ദ്'**

കേരളത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള അറബിക് കോളേജുകളുണ്ട്. അവ മതപഠനത്തിനും അറബി ഭാഷയുടെ വ്യാപനത്തിനും നൽകിയ സംഭാവനകൽ വിലമതിക്കാനാവാത്തതാണ്. പ്രഗത്ഭരായ ഒട്ടേറെ അറബി ഭാഷാപണ്ഡിതന്മാരും മതപണ്ഡിതന്മാരും അവയിലൂടെ പുറത്തിറങ്ങിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങര-മിനി ഊട്ടിയിൽ സ്ഥിതിചെയ്യുന്ന ജാമിഅ അൽഹിന്ദ് മത-ഭൗതിക വിദ്യാഭ്യാസ രംഗത്തും അറബി ഭാഷാപഠനരംഗത്തും ഇന്ന് തിളങ്ങുന്ന താരകമാണ്. തുടങ്ങിയിട്ട് അൽപകാലമേ ആയിട്ടുള്ളുവെങ്കിലും അത് ഏറെ അറിയപ്പെടുന്ന സ്ഥാപനമായി മാറിയത് ഉന്നത നിലവാരമുള്ള പണ്ഡിതന്മാരെ വാർത്തെടുക്കുന്നതിലൂടെയാണ്.

**പീസ് റേഡിയോ കോഴ്സും 'ദുറൂസുല്ലുഗ'യും**

കാലം മാറിയപ്പോൾ അറബി ഭാഷാ പഠന രീതികളും നവീകരിക്കപ്പെട്ടു. ഇന്ന്, ഈ ശ്രേഷ്ഠ ഭാഷ പഠിക്കാൻ സമൂഹത്തിന് മുന്നിൽ നിരവധി ഓൺലൈൻ അവസരങ്ങളുമുണ്ട്. ഈ രംഗത്തെ ഏറ്റവും ശ്രദ്ധേയമായതും ജനപ്രിയമായതുമായ ഒരു കാൽവയ്പാണ് പീസ് റേഡിയോ ഈയിടെ ആരംഭിച്ച അറബി ഭാഷാ പഠന കോഴ്സ്. ഡോ. വി. അബ്ദുർറഹീം രചിച്ച പ്രസിദ്ധമായ 'ദുറൂസുല്ലുഗത്തിൽ അറബിയ്യ ലിഗൈറിൽ നാത്വികീന ബിഹാ' എന്ന പാഠപുസ്തകമാണ് ഈ സമഗ്ര കോഴ്സിന്റെ അടിസ്ഥാനം.ലളിതമായ ശൈലിയിലൂടെ ഭാഷയുടെ അടിസ്ഥാന നിയമങ്ങൾ മനസ്സിലാക്കാം. ക്വുർആൻ വചനങ്ങളെ വെറും പാരായണത്തിലൂടെ അറിയുന്നതിനപ്പുറം, ആ വചനങ്ങളുടെ ആശയപരമായ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ഈ കോഴ്സ് സഹായിക്കുന്നു. പരമ്പരാഗത പഠനരീതികളെ പുതിയ കാലത്തിന്റെ സാധ്യതകളുമായി സംയോജിപ്പിച്ചുകൊണ്ട്, ലോകത്തിന്റെ ഏത് കോണിലിരുന്നും ഈ ശ്രേഷ്ഠഭാഷയുടെ സൗന്ദര്യം നുകരാൻ യുവതലമുറയെ സജ്ജമാക്കുകയാണ് പീസ് റേഡിയോ ഈ സംരംഭത്തിലൂടെ ചെയ്യുന്നത്.

**അക്ഷരവെളിച്ചം അണയാതിരിക്കാൻ...**

ഡിസംബർ 18നെ അറബി ഭാഷാദിനമായി ആചരിക്കുന്നതിലൂടെ സംസ്കാരത്തിലും ആശയവിനിമയത്തിലും അറബി ഭാഷ വഹിക്കുന്ന നിർണായകമായ പങ്ക് ഉറക്കെ പ്രഖ്യാപിക്കാനുള്ള അവസരമാണ് കൈവരുന്നത്. ഭാഷയുടെ സൗന്ദര്യത്തെ അതിന്റെ ഉദാത്തമായ സംസ്കാരത്തിലും അത്യുന്നത സാഹിത്യത്തിലും ആഴമേറിയ ആത്മീയതയിലും നിലനിർത്തി, അതിനെ ജനകീയമാക്കുക എന്നത് പ്രധാനമാണ്.

ഭാഷയുടെ സംരക്ഷണം എന്നത് അക്ഷരങ്ങളെ പൂട്ടിയിടുന്നതിലല്ല; മറിച്ച്, അതിനെ ദൈനംദിന വ്യവഹാരങ്ങളിലും സാംസ്കാരിക കൈമാറ്റങ്ങളിലും നിരന്തരം ഉപയോഗിക്കുന്നതിലാണ്. അറബി അധ്യാപകരുടെയും വിദ്യാർഥികളുടെയും ചരിത്രപരമായ കടമയാണിത്.




സുഫ്‌യാൻ അബ്ദുസ്സലാം
✆: 81296 17676

# കേരളത്തിന്റെ സുരക്ഷക്ക് തദ്ദേശീയരുടെ താക്കീത്

കേരളം ഉറ്റുനോക്കിയിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഫലം കേരളജനതയുടെ പ്രബുദ്ധതയുടെ തെളിച്ചമായി വിലയിരുത്തപ്പെടുന്നു. കടുത്ത വെല്ലുവിളികൾക്കിടയിലും ഐക്യജനാധിപത്യ മുന്നണി നേടിയ വ്യക്തമായ ഭൂരിപക്ഷം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വിവിധ വിഷയങ്ങളിൽ കൈക്കൊണ്ട നിലപാടുകളുടെ വിലയിരുത്തൽ കൂടിയാണെന്ന് ഫലം വ്യക്തമാക്കുന്നു. കക്ഷിരാഷ്ട്രീയ മാത്സര്യങ്ങൾക്കിടയിലുള്ള ഉപരിപ്ലവമായ അവകാശവാദങ്ങളെ അവഗണിച്ചുകൊണ്ട് ഒട്ടനവധി ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം കണ്ടെത്താൻ ഇരുമുന്നണികളും നേതാക്കളും തയ്യാറാകണമെന്ന സൂചനയാണ് ഈ ഫലം നൽകുന്നത്. 'എന്തുകൊണ്ട് തോറ്റു' എന്ന ചോദ്യത്തിന് നേരത്തെ തയ്യാറാക്കി വെച്ച താത്വിക അവലോകനങ്ങൾ പര്യാപ്തമാവില്ല. ചോദ്യങ്ങൾ ചോദിക്കുന്ന 'ഉത്തമന്മാരെ' പരിഗണിച്ചുകൊണ്ട്, ആത്മപരിശോധന നടത്തി തെറ്റുകൾ തിരുത്തുവാനുള്ള ആർജവം കാണിക്കുകയാണ് വേണ്ടത്.

## ഐക്യമുന്നണിയുടെ ഐക്യവിജയം

തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി എല്ലാ മേഖലയിലും വ്യക്തമായ ആധിപത്യമുറപ്പിച്ചു എന്നത് യാഥാർഥ്യമാണ്. കേരളത്തിലെ തദ്ദേശ തെരഞ്ഞെടുപ്പുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് മുതൽ കോർപ്പറേഷൻ വരെയുള്ള അഞ്ച് തലങ്ങളിലും ഒരുപോലെ ഒരു മുന്നണി ആധി

**കേരളം ആകാംക്ഷയോടെ കാത്തിരുന്ന തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കക്ഷി രാഷ്ട്രീയ ചിന്തകൾക്കപ്പുറം ഏറെ പ്രതീക്ഷയാണ് പങ്കുവെക്കുന്നത്. വർഗീയതയിലൂടെയും വിഭാഗീയ പ്രവർത്തനങ്ങളിലൂടെയും പ്രീണന രാഷ്ട്രീയത്തിലൂടെയും നാട്ടിൽ വേരുറപ്പിക്കാൻ കഴിയില്ലെന്നും നിലപാടുകളാണ് പ്രബുദ്ധ കേരളം ആഗ്രഹിക്കുന്നതെന്നും തിരിച്ചറിഞ്ഞ ദിനങ്ങളായിരുന്നു കഴിഞ്ഞുപോയത്.**

പത്യം നേടുന്നത് ആദ്യമായിട്ടാണ്. സാധാരണ യുഡിഎഫിന് മേൽക്കൈ ലഭിക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ വ്യക്തമായ ലീഡ് അവർക്ക് ലഭിച്ചു. 941 ഗ്രാമപഞ്ചായത്തുകളിൽ 505 എണ്ണം യുഡിഎഫ് നേടി. 2020 ൽ 321 സീറ്റുകൾ മാത്രം ലഭിച്ചിരുന്ന യുഡിഎഫ് 184 സീറ്റുകളാണ് അധികം നേടിയത്. ബ്ലോക്ക് പഞ്ചായത്തിൽ 38ൽ നിന്നും 79 ലേക്കും ജില്ലാ പഞ്ചായത്തിൽ 3 ൽ നിന്നും 7 ലേക്കും മുനിസിപ്പാലിറ്റിയിൽ 41 ൽ നിന്നും 54 ലേക്കും അവർ ലീഡ് ഉയർത്തിയപ്പോൾ ഒരു കോർപ്പറേഷൻ മാത്രമുണ്ടായിരുന്നത് നാലിലേക്ക് ഉയർത്താനും അവർക്ക് സാധിച്ചു. മൊത്തം 1200 തദ്ദേശ സ്ഥാപനങ്ങളിൽ 649 എണ്ണവും നേടി 55 ശതമാനത്തോളം സ്ഥാപനങ്ങളിൽ മേധാവിത്തം നേടാൻ അവർക്ക് കഴിഞ്ഞു.

### ദുർബലമായ ഇടതുമുന്നണി

37 ശതമാനം സ്ഥാപനങ്ങൾ മാത്രമാണ് ഇടതുമുന്നണിക്ക് കൈവശപ്പെടുത്താൻ കഴിഞ്ഞതെങ്കിൽ കേവലം 2.4 ശതമാനം മാത്രമാണ് ബിജെപിക്ക് നേടാൻ കഴിഞ്ഞത്. എറണാകുളത്തെ അഞ്ച് പഞ്ചായത്തുകളുടെ ഭരണം ട്വന്റി ട്വന്റി പിടിച്ചെടുത്തു. എറണാകുളത്ത് അഞ്ച് ഗ്രാമപഞ്ചായത്തുകളുടെ ഭരണം ട്വന്റി ട്വന്റിയും മലപ്പുറം പൊന്മുണ്ടത്തേത് കോൺഗ്രസ്-സിപിഎം സവിശേഷ മുന്നണിയുമാണ് തീരുമാനിക്കുക. ഇടുക്കിയിലെ മണക്കാട് പഞ്ചായത്തിൽ ഇരുമുന്നണിക്കും തുല്യ സീറ്റുകൾ ലഭിച്ചതിനാൽ  അവിടെ ഭരണം തീരുമാനിക്കുന്നതും രണ്ടംഗങ്ങളുള്ള ട്വന്റി ട്വന്റി ആയിരിക്കും. ആർക്കും ഭൂരിപക്ഷം നേടാൻ കഴിയാത്ത 75 തദ്ദേശ സ്ഥാപനങ്ങളുണ്ട്. അവിടെ ആരു ഭരിക്കുമെന്നത് ഇനിയും തീരുമാനമായിട്ടില്ല.

### ബി.ജെ.പിക്ക് നേട്ടമുണ്ടായോ?

ബിജെപി കേരളത്തിൽ വലിയ മുന്നേറ്റമുണ്ടാക്കുമെന്ന പ്രചാരണങ്ങൾ മാധ്യമങ്ങളടക്കം ഏറ്റുപിടിച്ചിരുന്നു. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതൊഴിച്ചാൽ സംസ്ഥാനത്തെവിടെയും കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. 941 ഗ്രാമപഞ്ചായത്തുകളിൽ കേവലം 26 എണ്ണം മാത്രമാണ് ബിജെപിക്ക് ലഭിച്ചത്. നേരത്തെ 2 മുനിസിപ്പാലിറ്റികൾ കൈവശമുണ്ടായിരുന്നത് നിലനിർത്തിയെങ്കിലും പാലക്കാട് ഭൂരിപക്ഷം നന്നേ കുറഞ്ഞ് ഭരണം നഷ്ടപ്പെടാനുള്ള സാഹചര്യമാണുള്ളത്. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തറ മുനിസിപ്പാലിറ്റിയിൽ ഒരംഗത്തിന്റെ ഭൂരിപക്ഷത്തിന് ബിജെപി ജയിച്ചുകയറിയെങ്കിലും നേരത്തെ കൈയിലുണ്ടായിരുന്ന പന്തളം മുനിസിപ്പാലിറ്റിയിൽ മൂന്നാം സ്ഥാനത്തേക്ക് അവർ പിന്തള്ളപ്പെട്ടു.

### തകർന്നടിഞ്ഞ കാസ രാഷ്ട്രീയം

ക്രിസ്ത്യാനികളുടെ പേരിൽ രൂപപ്പെട്ട ഭീകരസംഘടനയായ കാസയുടെ നേതൃത്വത്തിൽ ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ മുസ്‌ലിം വിരുദ്ധ വർഗീയതയെ വിജയിപ്പിച്ചെടുക്കാൻ നടത്തിയ ശ്രമങ്ങൾക്ക് ഒരു ഫലവുമുണ്ടായില്ല. മധ്യകേരളത്തിലും തെക്കൻ കേരളത്തിലും ബിജെപിക്ക് അനുകൂലമായ തരംഗം സൃഷ്ടിക്കുമെന്ന അവരുടെ അവകാശവാദങ്ങൾക്ക് ക്രിസ്ത്യൻ സമൂഹം കാതോർത്തില്ല.  ആകെക്കൂടി അവർക്ക് പറഞ്ഞു നിൽക്കാവുന്നത് വഖഫ് ഭൂമി വിവാദം കൊടുമ്പിരികൊണ്ട മുനമ്പം കടപ്പുറത്തെ ബിജെപിയുടെ വിജയമാണ്. എന്നാൽ മുസ്‌ലിം വിരുദ്ധതയെ ആളിക്കത്തിക്കാൻ ശ്രമിച്ച മുനമ്പത്ത് കേവലം 31 വോട്ടിന്റെ ഭൂരിപക്ഷമാണ് ഒരു ക്രിസ്ത്യൻ ബിജെപി സ്ഥാനാർത്ഥിക്ക് ലഭിച്ചത്. അതേസമയം മുനമ്പം ഉൾക്കൊള്ളുന്ന പള്ളിക്കര പഞ്ചായത്തിലോ എറണാകുളത്തെ മറ്റു ക്രിസ്ത്യൻ മേഖലകളിലോ ബിജെപിക്ക് ഒരു സ്വാധീനവും സൃഷ്ടിക്കാൻ സാധിച്ചില്ല.

### പിസി ജോർജും സ്വാധീനിച്ചില്ല

കോട്ടയം ജില്ലയിൽ പിസി

ജോർജിന്റെ പ്രദേശമായ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് കഷ്ടിച്ച് പിടിക്കാൻ ബിജെപിക്ക് സാധിച്ചിട്ടുണ്ട് എന്നത് പിസി ജോർജിന് ആശ്വസിക്കാമെങ്കിലും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ താമര വിരിയിക്കുമെന്ന് അവകാശപ്പെട്ടുകൊണ്ട് അവിടെ അരുവിത്തുറ വാർഡിൽ സ്വന്തം സഹോദരനെ മത്സരരംഗത്തിറക്കിയെങ്കിലും ജനങ്ങൾ പരാജയപ്പെടുത്തി. ക്രിസ്ത്യൻ മേഖലയായ പൂഞ്ഞാർ തെക്കേക്കരയിൽ ബിജെപിക്ക് വേണ്ടിയുള്ള ജോർജിന്റെ പോരാട്ടം വിജയം കണ്ടുവെന്ന് അനുമാനിക്കാമെങ്കിലും ക്രിസ്ത്യൻ ഭൂരിപക്ഷ ജില്ലയായ കോട്ടയത്ത് മറ്റെവിടെയും അതിന്റെ അനുരണനങ്ങൾ ഉണ്ടായില്ല. പി.സി.ജോർജും കാസയും വളർത്താൻ ശ്രമിക്കുന്ന 'കൃസംഘി' രാഷ്ട്രീയത്തിനെതിരെ ഇനിയും ജാഗ്രത അനിവാര്യമാണെന്ന് ഫലം മുന്നറിയിപ്പ് നൽകുന്നുണ്ട്.

### എസ്.ഡി.പി.ഐക്കും നേട്ടമില്ല

മുസ്‌ലിം സമുദായത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിന്ന് തീവ്ര ആശയങ്ങൾ പുലർത്തുന്ന എസ്.ഡി.പി.ഐ പതിവുപോലെ തങ്ങളുടെ സാന്നിധ്യം അറിയിക്കാൻ ശ്രമിച്ചെങ്കിലും എവിടെയും കാര്യമായ ചലനം സൃഷ്ടിച്ചില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐക്ക് 80 (പഞ്ചായത്ത്), 1 (ബ്ലോക്ക്), 20 (മുനിസിപ്പാലിറ്റി), 1 (കോർപ്പറേഷൻ) എന്നിങ്ങനെ 102 വാർഡുകളിൽ വിജയിക്കാൻ സാധിച്ചിരുന്നെങ്കിൽ ഇത്തവണ അത് 91-1-8-2 എന്നിങ്ങനെ 101 ആയി കുറയുകയാണുണ്ടായത്. എസ്.ഡി.പി.ഐ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന പ്രതിലോമ രാഷ്ട്രീയ സമീപനങ്ങൾക്കെതിരെ ശക്തമായ ബോധവൽക്കരണം മുസ്‌ലിം സമുദായത്തിനുള്ളിൽ ഇനിയും ശക്തമാക്കേണ്ടതുണ്ട് എന്ന സന്ദേശവും തെരഞ്ഞെടുപ്പ് നൽകുന്ന പാഠമാണ്.

> വർഗീയ പരാമർശങ്ങൾ നിരന്തരം നടത്തുന്ന നടേശനെതിരെ കേസെടുക്കാൻ മുതിരാതെ അയാളെ പ്രശംസാവാചകങ്ങൾ കൊണ്ട് മൂടാനും സ്വന്തം വാഹനത്തിൽ കൂടെ കൊണ്ടുപോകാനുമായിരുന്നു കേരളത്തിന്റെ മുഖ്യമന്ത്രി ശ്രമിച്ചത്. ഇത് മുസ്‌ലിം സമുദായത്തിനുണ്ടാക്കിയ മുറിവ് ചെറുതൊന്നുമല്ല. കേരളത്തിന്റെ മതനിരപേക്ഷതക്കുണ്ടാക്കിയ പരിക്ക് ചില്ലറയല്ല. ഹൈന്ദവ സമുദായത്തിന്റെ വോട്ടു സമാഹരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മുഖ്യമന്ത്രിയുടെയും സഹപ്രവർത്തകരുടെയും പ്രവൃത്തി ദോഷങ്ങൾക്കുള്ള ചുട്ട മറുപടി കൂടിയാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. കേരളത്തിലെ നല്ലവരായ ഹൈന്ദവ ജനത തങ്ങളുടെ വർഗീയ നാടകങ്ങളിൽ വീണുപോകുമെന്ന് ധരിച്ചുവെങ്കിൽ കൃത്യമായി പ്രതികരിക്കാൻ അറിയുന്നവരാണ് അവരെന്ന് അവർ മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തി.

### വെൽഫെയർ നേട്ടമുണ്ടാക്കിയോ?

വെൽഫെയർ പാർട്ടിയാവട്ടെ 75 വാർഡുകൾ ലഭിച്ചുവെന്നാണ് അവകാശപ്പെടുന്നത്. കഴിഞ്ഞ തവണ 65 ആയിരുന്നു അവർക്ക് കിട്ടിയിരുന്നത്. വെൽഫെയർ ബന്ധം ഇത്തവണ യുഡിഎഫ് ഏറെ പഴികേട്ട ആരോപണമായിരുന്നു. ഔദ്യോഗികമായി ബന്ധമില്ലെങ്കിലും പ്രാദേശിക നീക്കുപോക്കുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ നീക്കുപോക്കുകൾ യുഡിഎഫിന് ഒരു നിലക്കും ഉപകാരപ്പെട്ടില്ല. അതേസമയം വെൽഫെയറിന് അല്പമെങ്കിലും സ്വാധീനമുണ്ടെന്ന് പറയപ്പെടുന്ന സ്ഥലങ്ങളിൽ ഒറ്റക്ക് മത്സരിക്കുകയും യുഡിഎഫിന് ലഭിക്കുമായിരുന്ന വോട്ടുകൾ ഭിന്നിപ്പിക്കുകയും ചെയ്തു. ചിലയിടങ്ങളിൽ ഇടതുമുന്നണിക്കായിരുന്നു അവരുടെ പിന്തുണ. മുസ്‌ലിം സമുദായത്തിന്റെ വോട്ടുകൾ ഭിന്നിപ്പിക്കുകയും മുസ്‌ലിം വിരുദ്ധ ശക്തികൾക്ക് വളരാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക മാത്രമാണ് അന്തിമമായി ഈ പാർട്ടി കൊണ്ടുള്ള ഫലം.

രാജ്യത്തിന്റെ മതേതര ജനാധിപത്യ ആശയങ്ങളോട് വിശ്വാസപരമായ കാരണങ്ങളാൽ വിമുഖത കാണിക്കുകയും ജനാധിപത്യ സംവിധാനങ്ങളുമായി സഹകരിക്കുന്നത് അവിശ്വാസവും ബഹുദൈവത്വവുമായി വാദിച്ചിരുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ സംഘടന ഇപ്പോൾ അതിനോടെല്ലാം ആഭിമുഖ്യം പുലർത്തുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഇതുവരെ മറ്റു മതേതര ജനാധിപത്യ രാഷ്ട്രീയ പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിന് ജമാഅത്തെ ഇസ്‌ലാമി ഇതുവരെ 'ഹലാൽ' ആക്കിയിട്ടില്ല. വെൽഫെയർ പാർട്ടിയുമായി സഹകരിക്കുന്നതിനെ മുസ്‌ലിം മത സംഘടനകളിൽ ചിലർ എതിർപ്പുമായി ഈ തെരഞ്ഞെടുപ്പ് കാലത്ത് രംഗത്തുണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്.

### മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തിന് തിരിച്ചടി

മുസ്‌ലിം വിരുദ്ധ വർഗീയത ആളിക്കത്തിക്കാനാണ് ചിലർ ശ്രമിച്ചുവന്നിരുന്നത്. എസ്എൻഡിപി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി

നടേശനാണ് ഇക്കാര്യത്തിൽ ബിജെപിയെയും കടത്തിവെട്ടി മുന്നിൽ നിന്നത്. ഈഴവ സമുദായ സംഘടനയുടെ തലപ്പത്തുള്ള ഇയാൾ മുസ്‌ലിം സമുദായത്തിനെതിരെ വില കുറഞ്ഞ ആരോപണങ്ങളും കേട്ടാൽ അറക്കുന്ന തെറികളും വിളിക്കുന്നത് പതിവാക്കിയിരിക്കുകയാണ്. കേരളത്തിന്റെ മതസൗഹാർദത്തിന് ഇത് ഭംഗമേൽപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ എസ്എൻഡിപിയുടെ മറ്റു നേതാക്കളാരും നടേശന്റെ ആരോപണങ്ങൾക്ക് മേലൊപ്പ് ചാർത്തിയിട്ടില്ല. കേരള ചരിത്രത്തിലിടം പിടിച്ച ഈഴവ മെമ്മോറിയൽ മുതൽ അറിയപ്പെട്ടതാണ് മുസ്‌ലിം ഈഴവ സ്നേഹ സൗഹൃദ കഥകൾ. ശ്രീനാരായണഗുരുവും ഡോ.പൽപ്പുവുമെല്ലാം മുസ്‌ലിം സമുദായത്തിന്റെ ഉറ്റ മിത്രങ്ങളായിരുന്നു. അവരുടെ പിൻഗാമി എന്ന വകാശപ്പെടുന്ന വെള്ളാപ്പള്ളി നിരന്തരം മുസ്‌ലിം സമുദായത്തെ ആക്ഷേപിച്ചുകൊണ്ടുള്ള പ്രസ്താവനകൾ നടത്തുന്നത് ഗുരുവിനെയടക്കം ആക്ഷേപിക്കുന്നതിന് തുല്യമാണ്.

### മുഖ്യമന്ത്രിയുടെ നിലപാട്

വർഗീയ പരാമർശങ്ങൾ നിരന്തരം നടത്തുന്ന നടേശനെതിരെ കേസെടുക്കാൻ മുതിരാതെ അയാളെ പ്രശംസാവാചകങ്ങൾ കൊണ്ട് മൂടാനും സ്വന്തം വാഹനത്തിൽ കൂടെ കൊണ്ടുപോകാനുമായിരുന്നു കേരളത്തിന്റെ മുഖ്യമന്ത്രി ശ്രമിച്ചത്. ഇത് മുസ്‌ലിം സമുദായത്തിനുണ്ടാക്കിയ മുറിവ് ചെറുതൊന്നുമല്ല. കേരളത്തിന്റെ മതനിരപേക്ഷതക്കുണ്ടാക്കിയ പരിക്ക് ചില്ലറയല്ല. ഹൈന്ദവ സമുദായത്തിന്റെ വോട്ടു സമാഹരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മുഖ്യമന്ത്രിയുടെയും സഹപ്രവർത്തകരുടെയും പ്രവൃത്തി ദോഷങ്ങൾക്കുള്ള ചുട്ട മറുപടി കൂടിയാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. കേരളത്തിലെ നല്ലവരായ ഹൈന്ദവ ജനത തങ്ങളുടെ വർഗീയ നാടകങ്ങളിൽ വീണുപോകുമെന്ന് ധരിച്ചുവെങ്കിൽ കൃത്യമായി പ്രതികരിക്കാൻ അറിയുന്നവരാണ് അവരെന്ന് അവർ മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തി.

### വിദ്യാലയങ്ങളും സാംസ്കാരിക ഭദ്രതയും

കേരളത്തിന്റെ പരമ്പരാഗത സാംസ്കാരിക തനിമ നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിച്ച സ്ഥാപനങ്ങളാണ് നമ്മുടെ വിദ്യാലയങ്ങളും കലാലയങ്ങളും. എന്നാൽ മതനിരാസത്തിന്റെ പ്രചാരണങ്ങളും സാംസ്കാരിക ഭദ്രതക്ക് ഭീഷണിയുയർത്തുന്ന വസ്ത്രധാരണത്തെ അടിച്ചേൽപ്പിക്കുന്ന പ്രവണതകളും സർക്കാർ സ്പോൺസേർഡ് ആയി നമ്മുടെ വിദ്യാലയങ്ങളിൽ വ്യാപകമാക്കാനുള്ള ശ്രമങ്ങളുണ്ടായി. കേരളീയ സമൂഹത്തിന് പരിചയമില്ലാത്ത ഡാൻസുകൾ അടിച്ചേൽപ്പിക്കാനും ശ്രമമുണ്ടായി. വ്യത്യസ്ത മത വിശ്വാസമുള്ളവരാണെങ്കിലും കേരളത്തിലെ മഹാഭൂരിപക്ഷം വിശ്വാസികളും അധാർമിക രീതികളോട് സമരസപ്പെട്ടുപോവുന്നവരല്ല. എന്നാൽ ഈ തിരിച്ചറിവ് നമ്മുടെ സർക്കാറിന് നഷ്ടപ്പെടുകയും തങ്ങൾക്കിഷ്ടമുള്ളതെന്തും നിർബന്ധപൂർവം അടിച്ചേൽപ്പിക്കുമെന്ന ധാർഷ്ട്യം പ്രകടിപ്പിക്കുകയും ചെയ്തതും തെരഞ്ഞെടുപ്പിൽ തിരിച്ചടിയായി എന്ന് വ്യക്തമാണ്.

> ഹിന്ദുത്വത്തോട് മൃദുത്വം പ്രകടിപ്പിക്കുന്ന സമീപനം രാജ്യത്തിന്റെ ഭരണഘടനയോടുള്ള വെല്ലുവിളിയാണെന്നും രാഷ്ട്രശില്പികളുടെ സങ്കല്പങ്ങളെ ഗളഹസ്തം ചെയ്യലാണെന്നുമുള്ള തിരിച്ചറിവ് മതനിരപേക്ഷ പ്രസ്ഥാനങ്ങൾക്കും അവയുടെ നേതാക്കൾക്കും നഷ്ടപ്പെട്ടുകൂടാ. മൃദുഹിന്ദുത്വത്തിനെതിരെ ജാഗ്രത വേണമെന്ന സന്ദേശം ഈ തെരഞ്ഞെടുപ്പ് നൽകുന്നുണ്ട്. ഒരേ സമയം ഭൂരിപക്ഷങ്ങളെയും ന്യൂനപക്ഷങ്ങളെയും പ്രീണിപ്പിക്കുകയും അതിനായി വർഗീയതയെ കൂട്ടുപിടിക്കുകയും ചെയ്യുന്ന പ്രവണതകൾക്കുള്ള ശക്തമായ തിരിച്ചടി കൂടിയാണ് ഇത്തവണത്തെ തദ്ദേശ ജനവിധി.

### മാധ്യമങ്ങൾക്കും കിട്ടി മറുപടി

കേരളത്തിന്റെ വികസനത്തിനോ ജനക്ഷേമത്തിനോ വർഗീയമുക്തമായ സാമൂഹിക കാഴ്ചപ്പാടിനോ ഒട്ടും പ്രാധാന്യം കൽപ്പിക്കാതെ സാധാരണക്കാരെ ഇക്കിളിപ്പെടുത്തുന്ന വാർത്തകൾക്ക് പ്രാമുഖ്യം നൽകി തങ്ങളുടെ റേറ്റിങ് കൂട്ടാൻ വേണ്ടി മാത്രം മത്സരിച്ച മാധ്യമങ്ങൾക്കും ജനങ്ങൾ കൃത്യമായ മറുപടി നൽകി. അധികാരത്തിലിരിക്കുന്ന സർക്കാരിനെതിരെ സ്വാഭാവികമായും ജനങ്ങളുടെ പ്രതിഷേധങ്ങളുണ്ടാകും. എന്നാൽ ജനങ്ങളുടെ പ്രതിഷേധങ്ങളൊന്നും വകവെക്കാതെ വളരെ സജീവമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളിൽ നിന്നും ഓടിയൊളിക്കുകയായിരുന്നു മാധ്യമങ്ങൾ. അതിനുപകരം ‘ലൈംഗിക രാഷ്ട്രീയ’ത്തിന് പ്രാധാന്യം നൽകുകയും രാഷ്ട്രീയ നേതാക്കളുടെ വ്യക്തിപരമായ കാര്യങ്ങൾക്ക് പിറകെ ക്യാമറയും കൊണ്ടോടുന്നതിലായിരുന്നു അവരുടെ അമിത താത്പര്യം. ജനങ്ങൾ അത്തരം വാർത്തകൾക്ക് പ്രാധാന്യം നൽ

കുന്നില്ലെന്ന് കൂടി തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു.

**പ്രലോഭനത്തിൽ വീഴാത്ത മതസമൂഹങ്ങൾ**

മതവിശ്വാസത്തോടും വിശ്വാസികളോടും എന്നും നിഷേധാത്മക നിലപാട് സ്വീകരിച്ചിരുന്നവർ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ 'വിശ്വാസികൾക്കൊപ്പം' എന്ന ടാഗ് ലൈനോടെ ആഗോള അയ്യപ്പ സംഗമം നടത്തിയതും തിരിച്ചടിയായി. ഓരോ വിശ്വാസി സമൂഹവും അവരുടെതായ സംഗമങ്ങളും പരിപാടികളും സംഘടിപ്പിക്കാറുണ്ട്. അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുക ഒരു മതനിരപേക്ഷ സർക്കാറിന്റെ ബാധ്യതയാണ്. എന്നാൽ സർക്കാർ തന്നെ ഒരു മതവിഭാഗത്തിന്റെ സംഗമം നടത്തി തങ്ങൾ ഭൂരിപക്ഷ വിഭാഗത്തിന്റെ കൂടെയാണെന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് അധാർമികമാണ്. ഹൈന്ദവ സംഘടനകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് തെരഞ്ഞെടുപ്പ് തങ്ങൾക്ക് അനുകൂലമാക്കാമെന്ന് വിചാരിച്ചവർക്ക് വലിയ അബദ്ധമാണ് സംഭവിച്ചത്. കേരളത്തിലെ വിവിധ മത വിഭാഗങ്ങളിലെ വിശ്വാസികൾ തങ്ങളുടെ രാഷ്ട്രീയ കാര്യങ്ങളിൽ മത സംഘടനകൾ പറയുന്നിടത്ത് നിൽക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവർക്ക് കൂടിയുള്ള മറുപടിയാണ് തെരഞ്ഞെടുപ്പ് ഫലത്തിൽ തെളിഞ്ഞു കാണുന്നത്.

**സംഘ്പരിവാറിന് വാതിൽ തുറന്നിടുന്ന സമീപനം**

കേരളം രാഷ്ട്രീയ പ്രബുദ്ധതയുടെ സംസ്ഥാനമാണ്. വർഗീയതയുടെ പാതയിലേക്ക് സംസ്ഥാനത്തെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ സംഘ്പരിവാർ ശക്തികളും ചില ന്യൂനപക്ഷ തീവ്രവാദ സംഘടനകളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ശക്തമായ പ്രതിരോധം തീർത്തില്ലെങ്കിൽ കേരളം വർഗീയതയുടെ വിളനിലമായി മാറും. തിരുവനന്തപുരം കോർപറേഷൻ ബിജെപിയുടെ കരങ്ങളിലേക്ക് എത്തിച്ചുകൊടുത്തതിൽ മതനിരപേക്ഷ രാഷ്ട്രീയ പാർട്ടികളുടെ ജാഗ്രതക്കുറവാണ് പ്രധാന കാരണം. സംസ്ഥാന സർക്കാറിന്റെ മേൽനോട്ടത്തിൽ നടന്ന ഡീലിമിറ്റേഷനിൽ ബിജെപിക്ക് കോർപറേഷൻ ജയിച്ചുകയറാൻ പാകത്തിലുള്ള വാർഡ് വിഭജനം നടന്നുവെന്നാണ് ആക്ഷേപമുയർന്നിരിക്കുന്നത്. വരാനിരിക്കുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ അക്കൗണ്ട് തുറക്കുമെന്നാണ് ബിജെപിയുടെ അവകാശവാദം. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന വിധത്തിലാണ് സർക്കാറിന്റെയും സർക്കാറിനെ നയിക്കുന്ന പാർട്ടിയുടെയും നയസമീപനങ്ങൾ.

പൂർണമായും ആർഎസ്എസ് ഉദ്ദേശിക്കുന്ന വിധത്തിലുള്ള പാഠ്യപദ്ധതികൾ ഉൾക്കൊള്ളുന്ന ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുകയാണ് പിഎം ശ്രീയുടെ ലക്ഷ്യമെന്ന് ഏറ്റവും നന്നായി അറിയുന്ന സംസ്ഥാന സർക്കാർ അതിൽ ഒപ്പുവെച്ചത് വഴിയുണ്ടായ വിവാദങ്ങൾ ഇപ്പോഴും അടങ്ങിയിട്ടില്ല. സംഘടനാപരമായി ബിജെപിക്ക് ശക്തിയാർജ്ജിക്കാനുള്ള സാഹചര്യങ്ങൾ മാത്രമല്ല, പ്രത്യയശാസ്ത്രപരമായി സംഘ്പരിവാറിന് വളരാനുള്ള വേദിയായി മതനിരപേക്ഷതക്ക് മാതൃകയായ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് കൂടിയാണ് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും വഴിമരുന്നിട്ടിരിക്കുന്നത്.

**മൃദുഹിന്ദുത്വത്തിനെതിരെയുള്ള ഉണരണം**

ആർഎസ്എസ് ഉയർത്തിപ്പിടിക്കുന്ന ആശയങ്ങളെ മയപ്പെടുത്തുന്ന സമീപനം കേരളത്തിലും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ എംപി കൂടിയായ ശശി തരൂരിന്റെ സമീപകാല നയനിലപാടുകളിൽ സംഘ്പരിവാറിനോടുള്ള മൃദുസമീപനം നിഴലിച്ചുകാണുന്നുണ്ട്. വികസനകാര്യങ്ങളിൽ നരേന്ദ്രമോദിയെയും ബിജെപിയെയും അംഗീകരിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് ഇങ്ങനെയുള്ള മൃദുത്വത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നത്. രാജ്യം ഏതെല്ലാം വിധത്തിൽ പുരോഗതി പ്രാപിച്ചാലും വികസനത്തിന്റെ ഉത്തുംഗതയിൽ എത്തിയാലും രാജ്യത്തെ ജനങ്ങൾക്കിടയിൽ മതത്തിന്റെയും ജാതിയുടെയും സമുദായത്തിന്റെയും പേരിലുള്ള മതിലുകൾ സൃഷ്ടിച്ച് അവർ പരസ്പരം കഴുത്തറുക്കുന്ന സാഹചര്യമാണ് രാജ്യത്തുള്ളതെങ്കിൽ പറയപ്പെടുന്ന വികസനങ്ങൾ കൊണ്ട് ശതകോടീശ്വരന്മാർക്ക് മാത്രമെ പ്രയോജനമുണ്ടാകൂ എന്ന കാര്യത്തിൽ സംശയമില്ല.

ഹിന്ദുത്വത്തോട് മൃദുത്വം പ്രകടിപ്പിക്കുന്ന സമീപനം രാജ്യത്തിന്റെ ഭരണഘടനയോടുള്ള വെല്ലുവിളിയാണെന്നും രാഷ്ട്രശില്പികളുടെ സങ്കല്പങ്ങളെ ഗളഹസ്തം ചെയ്യലാണെന്നുമുള്ള തിരിച്ചറിവ് മതനിരപേക്ഷ പ്രസ്ഥാനങ്ങൾക്കും അവയുടെ നേതാക്കൾക്കും നഷ്ടപ്പെട്ടുകൂടാ. മൃദുഹിന്ദുത്വത്തിനെതിരെ ജാഗ്രത വേണമെന്ന സന്ദേശം ഈ തെരഞ്ഞെടുപ്പ് നൽകുന്നുണ്ട്. ഒരേ സമയം ഭൂരിപക്ഷങ്ങളെയും ന്യൂനപക്ഷങ്ങളെയും പ്രീണിപ്പിക്കുകയും അതിനായി വർഗീയതയെ കൂട്ടുപിടിക്കുകയും ചെയ്യുന്ന പ്രവണതകൾക്കുള്ള ശക്തമായ തിരിച്ചടി കൂടിയാണ് ഇത്തവണത്തെ തദ്ദേശ ജനവിധി.



മുഹമ്മദ് അമീൻ

# ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം

2

**സൗദി അറേബ്യയിലേക്കുള്ള കടന്നുകയറ്റം**

ഈജിപ്തിലെയും സിറിയയിലെയും രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെട്ട് സൗദി അറേബ്യയിലേക്ക് കുടിയേറിയ ഇഖ്‌വാനികൾ, എങ്ങനെയാണ് തൗഹീദിന്റെ മണ്ണിൽ തങ്ങളുടെ വിഷവിത്തുകൾ പാകാൻ തുടങ്ങിയത് എന്നതിന്റെ ആമുഖ ഭാഗം നാം മനസ്സിലാക്കി. ഈ സംഘടനയുടെ അപകടം തിരിച്ചറിഞ്ഞുകൊണ്ട്, സൗദി അറേബ്യയിലെ പരമോന്നത പണ്ഡിതസഭയായ 'ഹൈഅത്തു കിബാറുൽ ഉലമാഅ്' പുറപ്പെടുവിച്ച ചരിത്രപ്രസിദ്ധമായ ഔദ്യോഗിക പ്രസ്താവനയുടെ പൂർണരൂപം വായിച്ചുകൊണ്ട് നമുക്ക് ഈ അധ്യായത്തിലേക്ക് കടക്കാം. ഇസ്‌ലാമിക ലോകത്തിന് ഈ സംഘടന വരുത്തിവെച്ച വിപത്തുകൾക്കുള്ള പണ്ഡിതന്മാരുടെ സാക്ഷ്യപത്രമാണിത്.

ഇഖ്‌വാനുൽ മുസ്‌ലിമൂനെക്കുറിച്ച് സൗദി ഉന്നത പണ്ഡിതസഭ പുറത്തിറക്കിയ പ്രസ്താവന:

*"സർവസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിനാണ്. അല്ലാഹുവിന്റെ ദാസനും റസൂലും വിശ്വസ്തനും നമ്മുടെ നബിയും നേതാവുമായ മുഹമ്മദ് നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും അനുചരന്മാരുടെയും അന്ത്യനാൾ വരെ അദ്ദേഹത്തിന്റെ ചര്യ പിൻപറ്റുന്നവരുടെയും മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാവട്ടെ.*

> ഒരു ജനതയെ നശിപ്പിക്കാൻ അവരുടെ ചരിത്രത്തെയും വിദ്യാഭ്യാസത്തെയും തകർത്താൽ മതിയാകും എന്നത് ചരിത്രം നമുക്ക് നൽകുന്ന പാഠമാണ്. ഇഖ്വാനികൾ സൗദിയിൽ നടപ്പിലാക്കിയതും ഇതുതന്നെയായിരുന്നു. 1960കളും 70കളും സൗദി അറേബ്യ ഭൗതിക സാഹചര്യങ്ങളിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരുന്ന സമയമായിരുന്നു. സ്കൂളുകളും സർവകലാശാലകളും സ്ഥാപിക്കപ്പെട്ടു. എന്നാൽ അവിടെ പഠിപ്പിക്കാൻ യോഗ്യരായ തദ്ദേശീയരായ അധ്യാപകരുടെ ക്ഷാമം രാജ്യം നേരിട്ടു. ഈ അവസരത്തെയാണ് ഇഖ്വാനികൾ തന്ത്രപൂർവം മുതലെടുത്തത്. എന്നാൽ പിന്നീട് സംഭവിച്ചത് ചരിത്രത്തിലെ വലിയൊരു വഞ്ചനയായിരുന്നു. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തലപ്പത്തും സർവകലാശാലകളിലും അവർ കൂടുകൂട്ടി. സലഫി പണ്ഡിതന്മാരുടെ കണ്ണുവെട്ടിച്ച്, വരുംതലമുറയുടെ മസ്തിഷ്കപ്രക്ഷാളനം അവർ ലക്ഷ്യമിട്ടു.

*ഒന്നാമതായി: അല്ലാഹു സത്യവിശ്വാസികളോട് ജമാഅത്തായി (ഒറ്റക്കെട്ടായി) നിൽക്കാൻ കൽപിക്കുകയും ഭിന്നതയും കക്ഷിതിരിവും ഉണ്ടാക്കുന്നത് വിരോധിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: "തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്.). അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ച് കൊള്ളും" (ക്വുർആൻ 6:159).*

*അല്ലാഹു തന്റെ അടിമകളോട് നേരായ പാത പിന്തുടരാൻ കൽപിക്കുകയും സത്യത്തിൽനിന്ന് തെറ്റിച്ചുകളയുന്ന മറ്റു വഴികൾ പിന്തുടരുന്നത് വിലക്കുകയും ചെയ്തു. അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:153).*

*രണ്ടാമതായി: നേരായ പാത പിന്തുടരുക എന്നത് അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ റസൂലിന്റെ സുന്നത്തും മുറുകെപ്പിടിക്കലാണ്. സത്യത്തിൽനിന്ന് വ്യതിചലിച്ചുപോയ കക്ഷികളെ പിന്തുടരുന്നതിനെ അല്ലാഹു വിലക്കിയതായി സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുണ്ട്. ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്ത ഹദീസിൽ ഇപ്രകാരം കാണാം:*

*"റസൂൽ(സ്വ) തന്റെ കൈകൊണ്ട് ഒരു വര വരച്ചു. എന്നിട്ട് പറഞ്ഞു: 'ഇതാണ് അല്ലാഹുവിന്റെ നേരായ മാർഗം.' ശേഷം അതിന്റെ വലത്തോട്ടും ഇടത്തോട്ടും കുറെ വരകൾ വരച്ചു. എന്നിട്ട് പറഞ്ഞു: 'ഇതൊക്കെയും (പിഴച്ച) വഴികളാണ്, ഇതിലെല്ലാറ്റിലും അതിലേക്ക് ക്ഷണിക്കുന്ന പിശാചുക്കളുണ്ട്.' ശേഷം അദ്ദേഹം ഈ വചനം പാരായണം ചെയ്തു: 'ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. (മറ്റു) മാർഗങ്ങളെ നിങ്ങൾ പിൻപറ്റരുത്...''(ഇമാം അഹ്മദ് ഉദ്ധരിച്ചത്).*

*മൂന്നാമതായി: അല്ലാഹുവിന്റെ ഈ വചനത്തെക്കുറിച്ച് മഹാനായ സ്വഹാബി അബ്ദുല്ലാഹി ബിൻ അബ്ബാസ്(റ) ഇപ്രകാരം പറഞ്ഞു: 'ദീനിനെ നിങ്ങൾ നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കരുത് എന്ന് അല്ലാഹു കൽപിക്കുന്നു.'*

*മുൻ സമുദായങ്ങൾ തർക്കിക്കുകയും ഭിന്നിക്കുകയും ചെയ്തതുപോലെ ഭിന്നിക്കുന്നതിനെയും കക്ഷിതിരിയുന്നതിനെയും അല്ലാഹു സത്യവിശ്വാസികളോട് വിലക്കിയിരിക്കുന്നു എന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ വിവിധ വചനങ്ങളിൽനിന്ന് മനസ്സിലാക്കാം.*

*നാലാമതായി: അല്ലാഹുവിന്റെ കിതാബും റസൂലി(സ്വ)ന്റെ സുന്നത്തും മുറുകെപ്പിടിക്കുന്നത് അല്ലാഹുവിന്റെ പ്രീതി ലഭിക്കാനുള്ള മാർഗവും മുസ്ലിം ഉമ്മത്തിന്റെ ഏകീകരണം നിലനിർത്തുന്നതിനുള്ള അടിത്തറയുമാണ്. തിന്മകളിൽനിന്നും കുഴപ്പങ്ങളിൽനിന്നുമുള്ള സംരക്ഷണവുമാണത്. അല്ലാഹു പറയുന്നു:*

*"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽനിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർ*

*മാർഗം പ്രാപിക്കുവാൻ വേണ്ടി" (ഖുർആൻ 3:103).*

*അഞ്ചാമതായി: ഇതിൽനിന്ന്, ഇസ്‌ലാമിക ഭരണാധികാരികൾക്ക് കീഴിലുള്ള മുസ്‌ലിംകളുടെ അണിയിലെ ഒരുമയെ ബാധിക്കുന്നതോ, അല്ലെങ്കിൽ (ഇസ്‌ലാമിക) ജമാഅത്തിൽനിന്ന് ഭിന്നിച്ചുനിൽക്കുന്ന ബൈഅത്തോ (പ്രതിജ്ഞ) സംഘടനാ സംവിധാനങ്ങളോ ഉള്ള കക്ഷികൾ ഉണ്ടാക്കുന്നതോ ആയ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഹറാമാണ് (നിഷിദ്ധമാണ്) എന്ന് വ്യക്തമാകുന്നു.*

*ഇത്തരം (പിഴച്ച) കക്ഷികളിൽ മുൻപന്തിയിലുള്ളതാണ് 'ഇഖ്‌വാനുൽ മുസ്‌ലിമൂൻ' (Muslim Brotherhood). അതൊരു പിഴച്ച സംഘമാണ്. ഭരണാധികാരികളോട് തർക്കിക്കുക, ഭരണകൂടങ്ങൾക്കെതിരെ കലഹമുണ്ടാക്കുക, ഒരേ നാട്ടിലെ ജനങ്ങൾക്കിടയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുക, ഇസ്‌ലാമിക സമൂഹങ്ങളെ ജാഹിലിയ്യത്തായി ചിത്രീകരിക്കുക തുടങ്ങിയ കാര്യങ്ങളിലാണ് അത് നിലകൊള്ളുന്നത്.*

*ഈ സംഘം സ്ഥാപിതമായത് മുതൽ, ഇസ്‌ലാമിക വിശ്വാസത്തിനോ (അഖീദ) സുന്നത്തിനോ യാതൊരു പ്രാധാന്യവും അവർ നൽകുന്നില്ല. അവരുടെ ആകെ ലക്ഷ്യം ഭരണത്തിൽ എത്തിച്ചേരുക എന്നത് മാത്രമാണ്. അതുകൊണ്ട് തന്നെ ഈ കക്ഷിയുടെ ചരിത്രം തിന്മകളും കുഴപ്പങ്ങളും നിറഞ്ഞതാണ്. ലോകമെമ്പാടും അക്രമങ്ങളും നാശങ്ങളും വിതച്ചുകൊണ്ട് പുറത്തുചാടിയ, ഇസ്‌ലാമിന്റെ പേരിലുള്ള തീവ്ര ഗ്രൂപ്പുകൾ ഈ കക്ഷിയുടെ മടിത്തട്ടിൽനിന്നാണ് രൂപം കൊണ്ടത് എന്നത് എല്ലാവർക്കും അറിയാവുന്നതും ദൃശ്യമായതുമായ കാര്യമാണ്.*

*ആറാമതായി: മുകളിൽ വിവരിച്ചതിൽനിന്ന് 'ഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്നത് ഇസ്‌ലാമിന്റെ മാർഗത്തെ പ്രതിനിധീകരിക്കാത്ത ഒരു തീവ്ര സംഘമാണെന്ന് വ്യക്തമാകുന്നു. അത് നമ്മുടെ പരിശുദ്ധ ദീനിന് വിരുദ്ധമായ, അതിന്റെ കക്ഷിത്വപരമായ ലക്ഷ്യങ്ങളെയാണ് പിന്തുടരുന്നത്. ദീനിന്റെ പേരു പറഞ്ഞ് അവർ മറപിടിക്കുകയും ഭിന്നതയും അക്രമവും തീവ്രതയും പ്രവർത്തിക്കുകയും ചെയ്യുന്നു.*

*ഏഴാമതായി: ആകയാൽ എല്ലാവരും ഈ കക്ഷിയെ സൂക്ഷിക്കുകയും അവരുമായി ചേരുന്നതിനെയോ അല്ലെങ്കിൽ അവരോട് അനുഭാവം കാണിക്കുന്നതിനെയോ തൊട്ട് ജാഗ്രത പാലിക്കുകയും വേണം.*

*എല്ലാ തിന്മകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും നമ്മെ ഏവരെയും അല്ലാഹു കാത്തുരക്ഷിക്കട്ടെ. നമ്മുടെ നബി മുഹമ്മദ്(സ്വ) യുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും അനുചരന്മാരുടെയും മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാവട്ടെ."*

ഈ പണ്ഡിതവചനങ്ങൾ നൽകുന്ന ഗൗരവത്തെ ഉൾക്കൊണ്ടുകൊണ്ട്, സൗദി അറേബ്യയുടെ ഹൃദയമായ വിദ്യാഭ്യാസ മേഖലയെ അവർ എങ്ങനെയാണ് തങ്ങളുടെ 'ട്രോജൻ കുതിര'യായി ഉപയോഗിച്ചതെന്ന് നമുക്ക് പരിശോധിക്കാം.

**വിദ്യാഭ്യാസ മേഖല: ഇഖ്‌വാനികളുടെ ട്രോജൻ കുതിര**

ഒരു ജനതയെ നശിപ്പിക്കാൻ അവരുടെ ചരിത്രത്തെയും വിദ്യാഭ്യാസത്തെയും തകർത്താൽ മതിയാകും എന്നത് ചരിത്രം നമുക്ക് നൽകുന്ന പാഠമാണ്. ഇഖ്‌വാനികൾ സൗദിയിൽ നടപ്പിലാക്കിയതും ഇതുതന്നെയായിരുന്നു. 1960കളും 70കളും സൗദി അറേബ്യ ഭൗതിക സാഹചര്യങ്ങളിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരുന്ന സമയമായിരുന്നു. സ്കൂളുകളും സർവകലാശാലകളും സ്ഥാപിക്കപ്പെട്ടു. എന്നാൽ അവിടെ പഠിപ്പിക്കാൻ യോഗ്യരായ തദ്ദേശീയരായ അധ്യാപകരുടെ ക്ഷാമം രാജ്യം നേരിട്ടു. ഈ അവസരത്തെയാണ് ഇഖ്‌വാനികൾ തന്ത്രപൂർവം മുതലെടുത്തത്. ഈജിപ്തിൽ ഗമാൽ അബ്ദുൽ നാസിറിന്റെയും സിറിയയിൽ ഹാഫിസ് അൽഅസദിന്റെയും പീഡനങ്ങൾ ഭയന്ന് ഓടിയെത്തിയ ഇഖ്‌വാനി നേതാക്കൾക്ക് സൗദി അറേബ്യ അഭയം നൽകി. എന്നാൽ,അഭയം നൽകിയ രാജ്യത്തിന്റെ അടിത്തറ ഇളക്കാനാണ് അവർ ശ്രമിച്ചത്.

ഈജിപ്തിൽ സയ്യിദ് ഖുതുബിന്റെ വധശിക്ഷ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ട് അന്നത്തെ സൗദി ഭരണാധികാരിയായിരുന്ന ഫൈസൽ രാജാവ് ഈജിപ്ഷ്യൻ പ്രസിഡന്റിന് കത്തയച്ചിരുന്നു. അത്രമേൽ വിശാല മനസ്കതയോടെയാണ് സൗദി അവരെ കണ്ടിരുന്നത്. എന്നാൽ പിന്നീട് സംഭവിച്ചത് ചരിത്രത്തിലെ വലിയൊരു വഞ്ചനയായിരുന്നു. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ തലപ്പത്തും സർവകലാശാലകളിലും അവർ കൂടുകൂട്ടി. സലഫി പണ്ഡിതന്മാരുടെ കണ്ണുവെട്ടിച്ച്, വരുംതലമുറയുടെ മസ്തിഷ്കപ്രക്ഷാളനം അവർ ലക്ഷ്യമിട്ടു.

*(തുടരും)*



# തദ്ദേശം സദുദ്ദേശ്യം

നബീൽ പയ്യോളി
: +966 55 771 0981

കേരളത്തിലെ പ്രബല മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിച്ച സർവരും തോറ്റുപോയി. ജയിച്ചത് കേരളം കാലങ്ങളായി അഭിമാനപൂർവം പറഞ്ഞ മതേരതത്വബോധമാണ്.

കേരളത്തിന്റെ ഗ്രാമ-നഗരങ്ങളിൽ സാധാരണ ജനങ്ങൾ വിധിനിർണയിച്ച തദ്ദേശ തെരഞ്ഞെടുപ്പ് സമീപകാലത്തെ ഏറ്റവും പ്രാധാന്യം നിറഞ്ഞ ചിന്തകൾക്ക് വഴിവെക്കും എന്ന് നിസ്സംശയം പറയാം. ജനാധിപത്യത്തിൽ താഴെത്തട്ടിൽ സാധാരണ ജനത നിർണായക ഘടകമാകുന്നു എന്നതാണ് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളെ വ്യത്യസ്തമാക്കുന്നത്. ഓരോ വോട്ടും അമൂല്യമാണ് എന്ന് പറയുന്നത് വെറും വാക്കല്ലെന്ന് പല വാർഡുകളിലെയും റിസൽട്ട് ബോധ്യപ്പെടുത്തിയ തെരഞ്ഞെടുപ്പ്. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് തലങ്ങളിൽ അത്രതന്നെ ചെറിയ ഭൂരിപക്ഷത്തിൽ വിജയം നിർണയിക്കുന്നത് അപൂർവമാണ്. എന്നാൽ പഞ്ചായത്ത് വാർഡുകളിൽ അങ്ങനെയല്ല.

ഏതൊരു സമൂഹത്തിലും ഏറ്റവും കൂടുതൽ പരിഗണന നൽകേണ്ടത് അടിസ്ഥാന ജനങ്ങൾക്ക് തന്നെയാണ്. നാട്ടിൻപുറങ്ങളിലെ ചെറിയ ബിസിനസ് സ്ഥാപനങ്ങളിൽ നടക്കുന്ന സാമ്പത്തിക ഇടപാടുകളും ബിസിനസും വിപണിയിൽ ഉണ്ടാക്കുന്ന വിനിമയ സ്വാധീനം ഏതാനും ആളുകളുടെ കൈകളിലേക്ക് എത്തുന്ന വൻകിട സ്ഥാപനങ്ങൾക്ക് സാധിക്കില്ല എന്നത് സാമൂഹിക പാഠമായി രാഷ്ട്രീയ നേതൃത്വം മനസ്സിലാക്കേണ്ടതുണ്ട്.

നമ്മുടെ തെരഞ്ഞെടുപ്പുകൾ എന്നത് കേവലം അധികാരം വെട്ടിപ്പിടിക്കനുള്ള അഭ്യാസമല്ല; ഇന്ത്യയെന്ന ജനാധിപത്യ രാജ്യത്തിലെ ജനങ്ങളുടെ ജീവിതം നിർണയിക്കുന്നത് കൂടിയാണ്. ജീവിതം ദുഃസ്സഹമാവും വിധം ദൈനംദിന ചെലവുകൾ വർധിക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. പെട്രോളിനും ഡീസലിനും ഒരു രൂപയുടെ വർധനയുണ്ടായാൽ പോലും അത് സർവ സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർധനവിന് കാരണമാകും എന്ന് തിരിച്ചറിയാത്തവരായി ആരുമില്ല. അത്രമേൽ പ്രബുദ്ധരാണ് നമ്മുടെ വോട്ടർമാർ. അവിടെയാണ് തെരഞ്ഞെടുപ്പുകൾ ഒരു സുപ്രഭാതത്തിൽ ഉണ്ടാക്കിയെടുക്കുന്ന അജണ്ടകൾക്കപ്പുറം ജീവിതത്തിന്റെ അനുഭവസമ്പത്തിന്റെ കൂടി പ്രതിഫലനമാവു ന്നത്.

വിലക്കയറ്റം പോലുള്ള ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങൾ തന്നെയാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങളെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് മുന്നണികൾ പോലും പ്രതീക്ഷിക്കാത്ത ഫലം ഉണ്ടായത്. ദൈനംദിന ചെലവുകൾക്ക് പ്രയാസപ്പെടുന്ന ആയിരങ്ങൾ കോവിഡാനന്തരം നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ഒരുപോലെ കാണുന്ന കാഴ്ചയാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വലിയതോതിൽ വർധിച്ചു.

ഒരു സാമ്പത്തിക അച്ചടക്കവുമില്ലാതെ ധനികരും അപ്പർ-മിഡിൽ ക്ലാസുകാരുമൊക്കെ കാണിച്ചുകൂട്ടുന്ന കോപ്രായങ്ങൾ സന്മനസ്സുകളിൽ വലിയ വേദനയുണ്ടാക്കുന്നതാണ്; മറുവശത്ത് ജീവിത ചെലവുകൾക്ക് പ്രയാസപ്പെടുന്നവരും. ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ അടിസ്ഥാന മേഖലകളിൽ കൈപൊള്ളുന്ന അവസ്ഥയാണുള്ളത്. പ്രതിസന്ധിയിൽ കാലിടറി ജീവിതം അവസാനിപ്പിക്കുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ധനികർ കൂടുതൽ ധനികരാവുന്നതും ദരിദ്രർ അതിദരിദ്രരാവുന്നതും സമൂഹത്തിൽ ഉണ്ടാക്കുന്ന അരക്ഷിതാവസ്ഥ അപകടകരമാണ്. ഇതിലൊക്കെ ക്രിയാത്മകമായ ഇടപെടൽ നടത്താനുള്ള തിരിച്ചറിവ് ഈ തെരഞ്ഞെടുപ്പ് ഫലം സർവ രാഷ്ട്രീയക്കാർക്കും നൽകും എന്ന് പ്രതീക്ഷിക്കാം.

ഏതൊരു സമൂഹത്തിലും ഏറ്റവും കൂടുതൽ പരിഗണന നൽകേണ്ടത് അടിസ്ഥാന ജനങ്ങൾക്ക് തന്നെയാണ്. നാട്ടിൻപുറങ്ങളിലെ ചെറിയ ബിസിനസ് സ്ഥാപനങ്ങളിൽ നടക്കുന്ന സാമ്പത്തിക ഇടപാടുകളും ബിസിനസും വിപണിയിൽ ഉണ്ടാക്കുന്ന വിനിമയ സ്വാധീനം ഏതാനും ആളുകളുടെ കൈകളിലേക്ക് എത്തുന്ന വൻകിട സ്ഥാപനങ്ങൾക്ക് സാധിക്കില്ല എന്നത് സാമൂഹിക പാഠമായി രാഷ്ട്രീയ നേതൃത്വം മനസ്സിലാക്കേണ്ടതുണ്ട്. അടിസ്ഥാന ജനവിഭാഗങ്ങളെ മറന്നുകൊണ്ടുള്ള മുന്നോട്ടുപോക്ക് ആത്മഹത്യാപരമാണ് എന്ന് സാരം. രാജ്യത്ത് തൊഴിലുറപ്പ് പദ്ധതിയും ഭക്ഷ്യസുരക്ഷാ പദ്ധതിയുമൊക്കെ ഈ അടിസ്ഥാനത്തിൻനിന്നും രൂപം കൊണ്ടതാണ്. സാധാരണ ജനങ്ങളാണ് സാമൂഹിക മുന്നേറ്റത്തിന്റെ അടിത്തറ.

വർഗീയതയെ ഏതാണ്ടൊക്കെ വേരോടെ പിഴുതെറിഞ്ഞു എന്നതും ഈ തെരഞ്ഞെടുപ്പിന്റെ സവിശേഷതയായി നമുക്ക് അഭിമാനപൂർവം പറയാം. കേരളത്തിലെ പ്രബല മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിച്ച സർവരും തോറ്റുപോയി. ജയിച്ചത് കേരളം കാലങ്ങളായി അഭിമാനപൂർവം പറഞ്ഞ മതേതരത്വബോധമാണ്. വർഗീയത

ബിജെപിക്ക് കേരളത്തിൽ വലിയ നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല; കേരളത്തിലെ പ്രബല സാമുദായിക സംഘടനയുടെ നേതാവ് നാടുനീളെ നടന്ന് വിഷം വമിപ്പിച്ചത് അർഹിക്കുന്ന അവജ്ഞയോടെ ആ സമുദായവും ജനങ്ങളും ഒരുപോലെ തള്ളിക്കളയുകയും ചെയ്തിരിക്കുന്നു. വർഗീയ വിഷയങ്ങൾക്ക് വാഴ്ത്തുപാട്ട് പാടുകയും മൗനം അവലംബിക്കുകയും സർക്കാർ കാറിൽ ആനയിക്കുകയും ചെയ്തവർക്ക് കൂടിയുള്ള കനത്ത തിരിച്ചടിയാണ് തെരഞ്ഞെടുപ്പ് ഫലം. വർഗീയയെ ചെറുത്ത് തോൽപിക്കാൻ ലഭിക്കുന്ന അവസരം ഫലപ്രദമായി ഉപയോഗിക്കാൻ ജങ്ങൾ കാത്തിരിക്കുകയായിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

എന്നത് ഇരുതലമൂർച്ചയുള്ള വാളാണ്. അത് ഉപയോഗിച്ചവർ സ്വയം നാശത്തിലേക്ക് കൂപ്പുകുത്തിയിട്ടേയുള്ളൂ എന്നത് ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും. ബിജെപിക്ക് കേരളത്തിൽ വലിയ നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല; കേരളത്തിലെ പ്രബല സാമുദായിക സംഘടനയുടെ നേതാവ് നാടുനീളെ നടന്ന് വിഷം വമിപ്പിച്ചത് അർഹിക്കുന്ന അവജ്ഞയോടെ ആ സമുദായവും ജനങ്ങളും ഒരുപോലെ തള്ളിക്കളയുകയും ചെയ്തിരിക്കുന്നു. വർഗീയ വിഷയങ്ങൾക്ക് വാഴ്ത്തുപാട്ട് പാടുകയും മൗനം അവലംബിക്കുകയും സർക്കാർ കാറിൽ ആനയിക്കുകയും ചെയ്തവർക്ക് കൂടിയുള്ള കനത്ത തിരിച്ചടിയാണ് തെരഞ്ഞെടുപ്പ് ഫലം. വർഗീയയെ ചെറുത്ത് തോൽപിക്കാൻ ലഭിക്കുന്ന അവസരം ഫലപ്രദമായി ഉപയോഗിക്കാൻ ജങ്ങൾ കാത്തിരിക്കുകയായിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

വിശ്വാസം ജീവവായുവായ ബഹുഭൂരിപക്ഷം ജീവിക്കുന്ന മണ്ണാണ് കേരളം. അവിടെ വിശ്വാസികളുടെ മനസ്സിന് മുറിവേൽപിക്കും വിധം നടന്ന കൊള്ളകൾ, ശബരിമല, വക്ഫ് തുടങ്ങി നിരവധി വിഷയങ്ങൾ വോട്ടർമാരെ സ്വാധീനിച്ചു എന്നത് അനിഷേധ്യമാണ്. വിശ്വാസത്തിനെതിരെ ലിബറൽ മതവിരുദ്ധ കാഴ്ചപ്പാടുകൾ അടിച്ചേൽപിക്കാൻ സർക്കാർ നിരന്തരം ശ്രമിച്ചതും തെരഞ്ഞെടുപ്പിൽ തിരിച്ചടിക്ക് കാരണമായിട്ടുണ്ടാകാം. മതങ്ങളെയും വിശ്വാസങ്ങളെയും ചേർത്ത് നിർത്തുന്ന ഇന്ത്യൻ മതേതര മണ്ണിലേക്ക് അതിനെയൊക്കെ നിഷേധിക്കുന്ന യൂറോപ്യൻ ചിന്തകൾ കൊണ്ടുവരുന്നത് ഇവിടുത്തെ സാംസ്കാരിക പരിസരത്തെ മലീമസമാക്കുകയും വിശ്വാസിമനസ്സുകളിൽ ആഴത്തിലുള്ള മുറിവുണ്ടാക്കുകയും ചെയ്യും എന്ന കാര്യം പലപ്പോഴായി വിവേകമതികൾ ഓർമിപ്പിച്ചിട്ടും അത് ചെവിക്കൊള്ളാത്തതിന്റെ അനന്തരഫലവും തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുന്നുണ്ട്.

വ്യക്തികേന്ദ്രീകൃതവും സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കാത്തതുമായ വിഷയങ്ങളിൽ അന്തരീക്ഷമലിനീകരണം നടത്തുന്ന പിആർ കമ്പനികൾക്കും ഈ തെരഞ്ഞെടുപ്പ് വലിയ തിരിച്ചടി നൽകി എന്നതും പ്രതീക്ഷയാണ്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കാൻ അപ്രസക്തമായ വിഷയങ്ങളെ ചർച്ചയാക്കിയ കുതന്ത്രക്കാരും മാധ്യമങ്ങളും തങ്ങളുടെ വിലപ്പെട്ട മണിക്കൂറുകൾ നഷ്ടപ്പെടുത്തിയത് മിച്ചം.

വിഷയങ്ങളെ പ്രാധാന്യമനുസരിച്ചും വിവേകത്തോടെയും അവതരിപ്പിക്കാൻ സാധിക്കുന്നിടത്താണ് ഇനിയുള്ള കാലത്ത് ജയം. കാരണം, സാമൂഹ്യമാധ്യമങ്ങളിൽ ജനങ്ങൾ മുഴുവൻ മാധ്യമപ്രവർത്തകരാണ്. അവരും ലോകത്തിന്റെ ഗതിവിഗതികൾ അറിയുന്നുണ്ട്. അനീതിയും ഇരട്ടത്താപ്പും അന്യായവും ധാർമികതയും വ്യവഛേദിച്ച് മനസ്സിലാക്കാനും അതിനെതിരെ ശക്തമായ നിലപാടെടുക്കാനും മലയാളി കൾക്ക് കഴിവുണ്ട്.

ജനങ്ങൾ നൽകുന്ന വിവിധ നികുതികളുടെ ശേഖരമാണ് ഖജനാവ്. അതിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ അവകാശങ്ങളാണ്, ഔദാര്യമല്ല. ആത്മാഭിമാനമുള്ള മനുഷ്യർ അവകാശബോധമുള്ളവർ കൂടിയാണ്. അതുകൊണ്ട്തന്നെ ജനങ്ങളെ അവഗണിക്കാനോ വിലകുറച്ചു കാണാനോ ശ്രമിക്കുന്നത് അംഗീകരിക്കാവുന്നതല്ല. അഭിമാനബോധത്തോടെ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ അവരെ പ്രാപ്തരാക്കേണ്ടതാണ് പുതിയകാലത്തെ ഭരണാധികാരികൾ.

വികസനത്തിന് കൃത്യമായ പദ്ധതികൾ ജനങ്ങൾക്ക് ബോധ്യമാവും വിധം അവതരിപ്പിക്കാനും പാർട്ടികൾ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രകടന പത്രിക എന്നത് ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതിഫലിക്കുന്നതാവണം. യാഥാർഥ്യബോധമുള്ള ഇടപെടൽ ഉണ്ടാവുമെന്ന പ്രതീക്ഷ അനിവാര്യമായും വോട്ടർമാർക്ക് കൈമാറാൻ സാധിക്കേണ്ടതുണ്ട്. കമ്മ്യൂണിക്കേഷൻ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും അവ ജനങ്ങൾക്ക് ബോധ്യപ്പെടുകയും വേണം. അത് തെരഞ്ഞെടുക്കപ്പെടാനുള്ള കാരണമായി മാറുകയും ചെയ്യണം.

കണ്ണും കാതും മനസ്സും നിലപാടുകളെ നിർണയിക്കുന്ന കാലത്ത് ഇലക്ഷനുകളെ ഗിമ്മിക്കുകളോ പുകമറകളോകൊണ്ട് മലീമസമാക്കരുത്. സജീവവും സക്രിയവുമായ ജനാധിപത്യത്തിന് സമൂഹം തയ്യാറാണെന്ന് ഈ തെരഞ്ഞെടുപ്പ് ഫലം ഓർമപ്പെടുത്തുന്നുണ്ട്. ധാരാളം പുതുതലമുറക്കാർ മത്സരിച്ച തെരഞ്ഞെടുപ്പ് എന്ന പ്രത്യേകതകൂടി ഇക്കഴിഞ്ഞ തദ്ദേശപ്പോരിനുണ്ട്. മയക്കുമരുന്നും ഇന്റർനെറ്റും തീർത്ത മാന്ത്രിക വലയത്തിൽനിന്നും യാഥാർഥ്യത്തിന്റെ ലോകത്തിലേക്കുള്ള അവരുടെ തിരിച്ചുവരവിന് അവസരം ഒരുക്കലാണത്. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും പക്ഷം ചേർന്ന് യുവത മുന്നോട്ടു നീങ്ങൽ അനിവാര്യമായ കാലമാണിത്.



> പതിറ്റാണ്ടുകൾ ഭരിച്ച പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നണികൾക്ക് നഷ്ടമായത് ജനങ്ങളെ അവഗണിച്ചതോ തുടർച്ചയായ അധികാരം നൽകിയ അമിത ആത്മവിശ്വാസമോ ആവാം. തകർക്കാൻ പറ്റാത്ത കോട്ടകളും വെളിച്ചം കടക്കാത്ത ഇരുമ്പറകളും ഇന്നില്ല. എല്ലാവരും വ്യത്യസ്തരായ വ്യക്തികളാണ്. ഒഴുകിവരുന്ന ഇൻഫർമേഷൻ നിലപാടുകളെ സ്വാധീനിക്കും. ആരെയും എവിടെയെങ്കിലും തളച്ചിടാനും ഇരുട്ടിൽ നിർത്താനും സാധ്യമല്ല. ഇരുമ്പറകൾ ഭേദിച്ച് കോട്ടകൊത്തളങ്ങൾ തകർത്ത് ജനവികാരം പ്രകടമാകും വിധം പ്രബുദ്ധവും സജീവവുമായ ജനാധിപത്യ സമൂഹം ഏതൊരു നാടിനും പ്രതീക്ഷനൽകുന്നതാണ്.

വിജയവും പരാജയവും ജീവിതത്തിന്റെ ഭാഗമാണ്. ജയിച്ചവർക്ക് ഉത്തരവാദിത്തം കൂടുതലാണ്. ജനങ്ങൾ ഏൽപിച്ച ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കാൻ സദാ സന്നദ്ധരായി അവർക്കിടയിൽ പ്രവർത്തിക്കാൻ ശ്രദ്ധിക്കണം.

പതിറ്റാണ്ടുകൾ ഭരിച്ച പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നണികൾക്ക് നഷ്ടമായത് ജനങ്ങളെ അവഗണിച്ചതോ തുടർച്ചയായ അധികാരം നൽകിയ അമിത ആത്മവിശ്വാസമോ ആവാം. തകർക്കാൻ പറ്റാത്ത കോട്ടകളും വെളിച്ചം കടക്കാത്ത ഇരുമ്പറകളും ഇന്നില്ല. എല്ലാവരും വ്യത്യസ്തരായ വ്യക്തികളാണ്. ഒഴുകിവരുന്ന ഇൻഫർമേഷൻ നിലപാടുകളെ സ്വാധീനിക്കും. ആരെയും എവിടെയെങ്കിലും തളച്ചിടാനും ഇരുട്ടിൽ നിർത്താനും സാധ്യമല്ല. ഇരുമ്പറകൾ ഭേദിച്ച് കോട്ടകൊത്തളങ്ങൾ തകർത്ത് ജനവികാരം പ്രകടമാകും വിധം പ്രബുദ്ധവും സജീവവുമായ ജനാധിപത്യ സമൂഹം ഏതൊരു നാടിനും പ്രതീക്ഷനൽകുന്നതാണ്.

നാടിൻെറ വികസനത്തിൽ കൈകോർത്ത് പിടിക്കുകയും നാശഹേതുക്കളെ പുറംകാലുകൊണ്ട് തള്ളിക്കളയുകയും ചെയ്യുക. ജനാധിപത്യ ഇടങ്ങളിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിക്കുന്ന വർഗീയവാദികൾക്ക് ഇടം നൽകാത്ത വിധം ശക്തവും സുദൃഢവുമായ ജനാധിപത്യചേരി തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലെ മിന്നുന്ന കാഴ്ചയാണ്. ജനാധിപത്യത്തെ സംരക്ഷിക്കാനും നാടിനു വേണ്ടിയും സദുദ്ദേശ്യത്തിൽ തദ്ദേശത്തെ കരുത്തുറ്റതാക്കിയ ജനാധിപത്യ വിശ്വാസികൾക്ക് അഭിവാദ്യങ്ങൾ. ■



# ക്ഷമയിലെ നന്മ 4

നസീമ വാടാനപ്പള്ളി

ആരാധനകളിൽ ക്ഷമ കാണിക്കൽ അനിവാര്യമാണ്. ഓരോ കർമത്തിന്റെയും മഹത്ത്വം തിരിച്ചറിഞ്ഞ് കൃത്യതയോടെയും നിഷ്കളങ്കമായും പ്രതിഫലമാഗ്രഹിച്ചും ചെയ്യുമ്പോൾ മാത്രമാണ് അത് അല്ലാഹുവിങ്കൽ സ്വീകാര്യമായിത്തീരുക. ഇതിന്റെയെല്ലാം അടിസ്ഥാനം അറിവുള്ളവരാകുക എന്നതാണ്. അറിവില്ലാതെ പ്രവർത്തനങ്ങളുടെ പൂർണത സാധ്യമല്ല.

അഞ്ചുനേരം പുഴയിൽ കുളിക്കുന്നവന്റെ ശരീരം ശുദ്ധീകരിക്കപ്പെടുന്നതുപോലെ അഞ്ചുനേരത്തെ നമസ്കാരങ്ങൾ വിശ്വാസിയുടെ ഹൃദയത്തെ ശുദ്ധീകരിക്കുമെന്ന് റസൂൽ(സ്വ) പറഞ്ഞിട്ടുണ്ട്. ആ ശുദ്ധീകരണ പ്രക്രിയ നമ്മുടെ ഹൃദയത്തിൽ നടക്കുന്നുണ്ടോ എന്ന് വിചിന്തനം നടത്തുക. ഇല്ല എന്നാണ് മനസ്സ് പറയുന്നതെങ്കിൽ അറിവ് നേടുന്നതിലും നേടിയ അറിവുകൾ പ്രാവർത്തികമാക്കുന്നതിലും ക്ഷമയോടെ മുന്നേറാൻ സാധിച്ചിട്ടില്ല എന്ന് തിരിച്ചറിയുക. അറിവ് നേടുന്ന മാർഗത്തിലും കർമങ്ങൾ ചെയ്യുന്നതിലും ക്ഷമ അനിവാര്യമാണ് എന്നു ചുരുക്കം.

**തെറ്റുകളിൽനിന്നും വിട്ടുനിൽക്കാനുള്ള ക്ഷമ**

"...തീർച്ചയായും മനസ്സ് ദുഷ്പ്രവൃത്തിക്ക് പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു. എന്റെ രക്ഷിതാവിന്റെ കരുണ ലഭിച്ച മനസ്സൊഴികെ. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 12:53).

മനുഷ്യൻ എന്ന നിലയ്ക്ക് തെറ്റുകൾ വന്നുപോകുന്നത് സ്വാഭാവികമണ്. എന്നാൽ തെറ്റുകൾ തിരുത്തുകയും വീണ്ടും അതിലേക്ക് മടങ്ങാതിരിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. ദേഹേച്ഛയും അല്ലാഹുവിന്റെ ഇഷ്ടവും പരസ്പരം എതിരായി വന്നാൽ മറ്റെന്തും സഹിച്ചുകൊണ്ട് അല്ലാഹുവിന്റെ ഇഷ്ടത്തിന്റെ കൂടെ നിലകൊള്ളാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിലാണ് വിജയം. അതിന് നല്ല ക്ഷമ അനിവാര്യമാണ്. ഇത് പ്രയോഗവൽക്കരിക്കുക ഏറെ പ്രയാസകരവുമാണ്. വിശ്വാസത്തിന്റെ കരുത്തുള്ളവർക്കേ അതിന് കഴിയൂ. പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിലാണ് ക്ഷമ പാലിക്കാൻ കഴിയേണ്ടത്. മനുഷ്യൻ കൂടുതലായും മുൻഗണന നൽകുന്നത് സ്വന്തം ഇഷ്ടത്തിനും മനസ്സിന്റെ ആഗ്രഹങ്ങൾക്കുമാണ്. അതല്ലെങ്കിൽ തനിക്ക് ഇഷ്ടപ്പെട്ടവരുടെ ആഗ്രഹങ്ങൾക്കാണ്. ഇങ്ങനെ വരുമ്പോൾ മനുഷ്യൻ തെറ്റുകളെ നിസ്സാരവൽക്കരിക്കുന്നു.

തെറ്റുകളിൽനിന്നും വിട്ടുനിൽക്കാൻ സഹായിക്കുന്ന രണ്ട് സുപ്രധാന കാര്യങ്ങൾ പണ്ഡിതന്മാർ ഉണർത്തിയതായി കാണാം:

*ഒന്ന്)* തെറ്റുകളുടെ ഫലമായി ലഭിക്കുന്ന മോശമായ സങ്കേതത്തെ കുറിച്ചുള്ള ബോധവും ചിന്തയും: ഹറാമിന്റെ സുഖവും ആനന്ദവും മറ്റും അൽപസമയത്തേക്ക് മാത്രമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതുണ്ട്. അതിനാൽ ഹറാമിലേക്ക് ദേഹേച്ഛകൾ ചെന്നെത്തുമ്പോൾ ഈ തിരിച്ചറിവുകളിലൂടെ ക്ഷമ കൈക്കൊണ്ടാൽ മാത്രമെ നമുക്ക് അല്ലാഹുവിന്റെ തൃപ്തി നേടാനാകൂ.

*രണ്ട്)* തന്നെ സൃഷ്ടിച്ച, തനിക്ക് ഒട്ടേറെ അനുഗ്രഹങ്ങൾ നൽകിയ അല്ലാഹു നിരോധിച്ച കാര്യങ്ങൾ ചെയ്ത് അവനെ കണ്ടുമുട്ടുന്നത് ഓർക്കുമ്പോഴുള്ള ലജ്ജ: ഒരു അടിമ തന്റെ യജമാനനോട് നന്ദികേട് കാണിക്കുന്നവനാകരുത്. അല്ലാഹുവിനോടുള്ള സ്നേഹം മുന്നിട്ടുനിൽക്കേണ്ടതുണ്ട്. പ്രതികൂല സാഹചര്യങ്ങളിലും ഹറാമിലേക്ക് പോകാതെ സൂക്ഷ്മതയോടെ ജീവിക്കാൻ കഴിയണമെങ്കിൽ ക്ഷമയാകുന്ന സദ്ഗുണം കൂടെയുണ്ടാകണം. ■

# സൂറത്തു ഖസ്വസ്വ്

കഥാകഥനം

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

64. നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന് (ബഹുദൈവവാദികളോട്) പറയപ്പെടും. അപ്പോൾ ഇവർ അവരെ വിളിക്കും. എന്നാൽ അവർ (പങ്കാളികൾ) ഇവർക്ക് ഉത്തരം നൽകുന്നതല്ല. ശിക്ഷ ഇവർ നേരിൽ കാണുകയും ചെയ്യും. ഇവർ സൻമാർഗം പ്രാപിച്ചിരുന്നെങ്കിൽ!

65. അവൻ (അല്ലാഹു) അവരെ വിളിക്കുകയും ദൈവദൂതൻമാർക്ക് എന്ത് ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു).

66. അന്നത്തെ ദിവസം വർത്തമാനങ്ങൾ അവർക്ക് അവ്യക്തമായിത്തീരുന്നതാണ്. അപ്പോൾ അവർ അന്യോന്യം ചോദിച്ചറിയുകയില്ല.

67. എന്നാൽ ഖേദിച്ചുമടങ്ങുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവനാരോ, അവൻ വിജയികളുടെ കൂട്ടത്തിലായേക്കാം.

68. നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു.

69. അവരുടെ മനസ്സുകൾ ഒളിച്ചുവെക്കുന്നതും അവർ പരസ്യമാക്കുന്നതും നിന്റെ രക്ഷിതാവ് അറിയുന്നു.

70. അവനത്രെ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. ഈ ലോകത്തും പരലോകത്തും അവന്നാകുന്നു സ്തുതി. അവന്നാണ് വിധികർതൃത്വവും. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുന്നതുമാണ്.

71. (നബിയേ,) പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ രാത്രിയെ ശാശ്വതമാക്കിത്തീർത്തിരുന്നെങ്കിൽ അല്ലാഹു അല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടു വന്നു തരിക? എന്നിരിക്കെ നിങ്ങൾ കേട്ടുമനസ്സിലാക്കുന്നില്ലേ?

وَقِيلَ ادْعُوا شُرَكَاءَكُمْ فَدَعَوْهُمْ فَلَمْ
يَسْتَجِيبُوا لَهُمْ وَرَأَوُا الْعَذَابَ ۚ لَوْ أَنَّهُمْ
كَانُوا يَهْتَدُونَ ﴿٦٤﴾

وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَا أَجَبْتُمُ
الْمُرْسَلِينَ ﴿٦٥﴾

فَعَمِيَتْ عَلَيْهِمُ الْأَنبَاءُ يَوْمَئِذٍ فَهُمْ
لَا يَتَسَاءَلُونَ ﴿٦٦﴾

فَأَمَّا مَن تَابَ وَآمَنَ وَعَمِلَ صَالِحًا
فَعَسَىٰ أَن يَكُونَ مِنَ الْمُفْلِحِينَ ﴿٦٧﴾

وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ ۗ مَا
كَانَ لَهُمُ الْخِيَرَةُ ۚ سُبْحَانَ اللَّهِ وَتَعَالَىٰ
عَمَّا يُشْرِكُونَ ﴿٦٨﴾

وَرَبُّكَ يَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا
يُعْلِنُونَ ﴿٦٩﴾

وَهُوَ اللَّهُ لَا إِلَٰهَ إِلَّا هُوَ ۖ لَهُ الْحَمْدُ فِي الْأُولَىٰ
وَالْآخِرَةِ ۖ وَلَهُ الْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٧٠﴾

قُلْ أَرَأَيْتُمْ إِن جَعَلَ اللَّهُ عَلَيْكُمُ اللَّيْلَ
سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ
اللَّهِ يَأْتِيكُم بِضِيَاءٍ ۖ أَفَلَا تَسْمَعُونَ ﴿٧١﴾

قُلْ أَرَأَيْتُمْ إِن جَعَلَ اللَّهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللَّهِ يَأْتِيكُم بِلَيْلٍ تَسْكُنُونَ فِيهِ ۖ أَفَلَا تُبْصِرُونَ ﴿٧٢﴾

72. പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ പകലിനെ ശാശ്വതമാക്കിയിരുന്നുവെങ്കിൽ അല്ലാഹുവല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വിശ്രമിക്കുവാൻ ഒരു രാത്രി കൊണ്ടുവന്ന് തരിക? എന്നിരിക്കെ നിങ്ങൾ കണ്ടു മനസ്സിലാക്കുന്നില്ലേ?

وَمِن رَّحْمَتِهِ جَعَلَ لَكُمُ اللَّيْلَ وَالنَّهَارَ لِتَسْكُنُوا فِيهِ وَلِتَبْتَغُوا مِن فَضْلِهِ وَلَعَلَّكُمْ تَشْكُرُونَ ﴿٧٣﴾

73. അവന്റെ കാരുണ്യത്താൽ അവൻ നിങ്ങൾക്ക് രാവും പകലും ഉണ്ടാക്കിത്തന്നിരിക്കുന്നു. രാത്രിയിൽ നിങ്ങൾ വിശ്രമിക്കുവാനും (പകൽ സമയത്ത്) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടിക്കൊണ്ട് വരാനും നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടി.

---

64) അവരോട് (പറയപ്പെടും): (നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കൂ എന്ന്) നിങ്ങൾക്ക് പ്രയോജനം ചെയ്യുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരുന്നില്ലേ? അതിനാൽ ഇപ്പോൾ അവരെ വിളിക്കൂ. ഒരു ആരാധകന് തന്റെ ആരാധ്യനെ ഏറ്റവും ആവശ്യമുള്ള സമയത്ത് വിളിക്കാൻ കൽപിക്കും. (അവരെ വിളിക്കൂ) എന്ന്. അവർക്ക് ഉപകാരം ലഭിക്കാൻ, അല്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവരെ തടുക്കാൻ. (എന്നാൽ അവർ ഇവർക്ക് ഉത്തരം നൽകുന്നല്ല) അപ്പോൾ അവിശ്വാസികൾക്ക് മനസ്സിലാകും; അവർ കളവ് പറയുന്നവരായിരുന്നെന്നും അവർ ശിക്ഷയ്ക്ക് അർഹരാണെന്നും. (ശിക്ഷ ഇവർ നേരിൽ കാണുകയും ചെയ്യും) അവർ സ്വന്തം കണ്ണുകൊണ്ട് കാണും. അവർ നിഷേധിക്കുകയും വിശ്വസിക്കാതിരിക്കുകയും ചെയ്ത ശിക്ഷ. (ഇവർ സന്മാർഗം പ്രാപിച്ചിരുന്നുവെങ്കിൽ) അവർ ഇപ്പോൾ അനുഭവിക്കുന്നത് അനുഭവിക്കേണ്ടവരുമായിരുന്നില്ല; ഇഹലോകത്ത് അവർ ശരിയായ വഴി സ്വീകരിച്ചപോലെ. സ്വർഗത്തിന്റെ വഴിയിലേക്ക് നയിക്കപ്പെടുമായിരുന്നു. എന്നാൽ ഇഹലോകത്ത് അവർ ശരിയായ വഴി സ്വീകരിച്ചില്ല. അതിനാൽ പരലോകത്ത് സ്വർഗത്തിലേക്കും നയിക്കപ്പെടുകയില്ല.

65,66) (അവൻ -അല്ലാഹു- അവരെ വിളിക്കുകയും ദൈവദൂതന്മാർക്ക് എന്തു ഉത്തരമാണ് നിങ്ങൾ നൽകിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം) ദൂതന്മാരോട്. നിങ്ങളുടെ പ്രതികരണം എന്തായിരുന്നു? നിങ്ങൾ അവരെ വിശ്വസിച്ച് അനുഗമിച്ചുവോ, അതോ നിങ്ങൾ അവരെ ധിക്കരിച്ച് എതിരു പ്രവർത്തിച്ചുവോ? (അന്നത്തെ ദിവസം വർത്തമാനങ്ങൾ അവർക്ക് അവ്യക്തമായിത്തീരുന്നാണ്. അപ്പോൾ അവർ അന്യോന്യം ചോദിച്ചറിയുകയില്ല) അവർക്ക് ഒരു മറുപടിയും ചിന്തിക്കാൻ കഴിയില്ല. പരസ്പരം ചോദിക്കാൻ പോലും അവർക്ക് കഴിയില്ല. ശരിയായ ഉത്തരത്തിലേക്ക് അവർ നയിക്കപ്പെടില്ല. ശരിയായ ഉത്തരംകൊണ്ടല്ലാതെ അവർ രക്ഷപ്പെടില്ലെന്ന് എല്ലാവർക്കുമറിയാം. ഉത്തരം ശരിയാവണമെങ്കിൽ അവർ പറയേണ്ടത് 'ഞങ്ങൾ അവർക്ക് ഉത്തരം നൽകി. അവരിൽ വിശ്വസിച്ചു. അവരെ പിന്തുടർന്നു' എന്നാണ്. എന്നാൽ, അവർക്കറിയാം; അവരുടെ നിഷേധവും ധിക്കാരവും. അതിനാൽ അവർ കളവായിട്ടുപോലും ഒന്നും പറയില്ല. അവർക്ക് പരസ്പരം ചോദിക്കാനാവില്ല. എന്ത് ഉത്തരമാണ് പറയേണ്ടതെന്ന ഒരു ചർച്ചപോലും ഉണ്ടാകില്ല.

67) നാളെ പരലോകത്തു വെച്ച് ആളുകളോട് അവരുടെ ആരാധ്യ വസ്തുക്കളെക്കുറിച്ചും അവരിലേക്ക് വന്ന ദൂതന്മാരെക്കുറിച്ചും ചോദിക്കുമെന്ന് പറഞ്ഞശേഷം അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് ഒരു ദാസൻ രക്ഷപ്പെടാനുള്ള വഴിയാണ് പരാമർശിക്കുന്നത്. ശിർക്കിൽനിന്നും പാപങ്ങളിൽനിന്നും പശ്ചാത്തപിച്ചവനും, അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും പ്രവാചകന്മാരിൽ വിശ്വസിച്ച് അവരെ സത്യപ്പെടുത്തുകയും ചെയ്തവനല്ലാതെ അവിടെ രക്ഷയില്ല. പ്രവാചകന്മാരെ പിൻപറ്റി നന്മ പ്രവർത്തിക്കു

കയും വേണം. (അവൻ ആയേക്കാം) ഈ കാര്യങ്ങളെല്ലാം ചെയ്യുന്നവൻ (വിജയിച്ചവരുടെ കൂട്ടത്തിൽ) ലക്ഷ്യം നേടി വിജയിച്ചവർ. ഭയപ്പെടുന്നതിൽനിന്നു രക്ഷപ്പെട്ടവർ. ഇവയില്ലാതെ വിജയം കൈവരിക്കാൻ വേറെ വഴികളില്ല.

68-70) എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവ് അല്ലാഹുവാണെന്നും അവയെല്ലാം തന്നെ അവന്റെ ഉദ്ദേശ്യത്തിന് വിധേയമാണെന്നും ഈ വചനങ്ങളിൽ പറയുന്നു. അവൻ തിരഞ്ഞെടുക്കുന്നതിലും ചില വ്യക്തികളെയും കൽപനകളെയും കാലങ്ങളെയും സ്ഥലങ്ങളെയും പ്രത്യേകമാക്കുന്നതിലും അവൻ ഏകനാണ്. ഇക്കാര്യങ്ങളിൽ ഒരാൾക്കും ഒരു നിയന്ത്രണമോ സ്വാതന്ത്ര്യമോ ഇല്ല. അല്ലാഹുവാകട്ടെ, അവനിൽ ആരോപിക്കുന്ന പങ്കാളികളിൽ നിന്നും സഹായികളിൽനിന്നും മക്കളിൽ നിന്നും ഇണയിൽനിന്നും അവൻ പരിശുദ്ധനാണ്; മുശ്രിക്കുകൾ പങ്കുചേർത്ത എല്ലാ പങ്കാളികളിൽനിന്നും. ഹൃദയത്തിൽ മറച്ചുവെക്കുന്നത് അറിയുന്നവൻ അവൻ മാത്രം. മഹത്ത്വത്തിന്റെയും സൗന്ദര്യത്തിന്റെയും വിശേഷണങ്ങൾ അവനുള്ളതിനാൽ തന്റെ സൃഷ്ടികൾക്ക് അവൻ ധാരാളം അനുഗ്രഹങ്ങൾ നൽകിയിട്ടുമുണ്ട്. രണ്ടു ലോകത്തും അവനാണ് വിധികർത്താവ്. അവൻ സൃഷ്ടിച്ച എല്ലാ സൃഷ്ടികളെയും സ്വാധീനിക്കുന്ന ക്വദ്റുമായി ബന്ധപ്പെട്ട വിധികൾ, എല്ലാ നിയമങ്ങളെയും കൽപനാ വിരോധങ്ങളെയും സ്വാധീനിക്കുന്ന മതവിധികളും. പരലോകത്താകട്ടെ, അവൻ ശിക്ഷാവിധികൾ പുറപ്പെടുവിക്കും. അതിനാൽ അവൻ പറയുന്നു: (അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുന്നതുമാണ്) അപ്പോൾ ഓരോരുത്തർക്കും അവന്റെ നല്ലതോ ചീത്തയോ ആയ പ്രവർത്തികൾക്ക് അവൻ പ്രതിഫലം നൽകും.

71-73) ഇനി അല്ലാഹുവിൽനിന്നും അവൻ നൽകുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള ഒരു ഓർമപ്പെടുത്തലാണ്. അവന് നന്ദി ചെയ്യാനും അവന്റെ യഥാർഥ ദാസന്മാരായിത്തീരാനും പ്രേരിപ്പിക്കുന്നു. അല്ലാഹുവിന്റെ ഔദാര്യം കണ്ടെത്താൻ അവൻ പകലിനെ കാരുണ്യമായി നിശ്ചയിച്ചു; അതിന്റെ പ്രകാശത്തിൽ അവരുടെ ഉപജീവനവും ഭക്ഷണവും തേടിപ്പോകാൻ. പകൽ സമയത്തെ അധ്വാനത്തിൽനിന്നും അവരുടെ ശരീരവും മനസ്സും വിശ്രമം കൊള്ളുന്നതിന് ശാന്തതയും സമാധാനവും ലഭിക്കുന്ന രാത്രിയെ അവൻ ഏർപ്പെടുത്തി. ഇതെല്ലാം തന്റെ ദാസന്മാരോടുള്ള അവന്റെ കാരുണ്യമാണ്. മറ്റാർക്കെങ്കിലും ഇതിൽ എന്തെങ്കിലും ചെയ്യാനാകുമോ? (ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ രാത്രിയെ ശാശ്വതമാക്കിയിരുന്നുവെങ്കിൽ അല്ലാഹു അല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടുവന്നുതരിക? എന്നിരിക്കെ നിങ്ങൾ കേട്ടു മനസ്സിലാക്കുന്നില്ലേ?) അല്ലാഹുവിന്റെ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും കേൾക്കുകയും മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന കേൾവി. (ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ അല്ലാഹു നിങ്ങളുടെ മേൽ പകലിനെ ശാശ്വതമാക്കിയിരുന്നുവെങ്കിൽ അല്ലാഹുവല്ലാത്ത ഏതൊരു ദൈവമാണ് നിങ്ങൾക്ക് വിശ്രമിക്കാൻ ഒരു രാത്രി കൊണ്ടുവന്നുതരിക? എന്നിരിക്കെ നിങ്ങൾ കണ്ടു മനസ്സിലാക്കുന്നില്ലേ?) എന്തുകൊണ്ടാണ് നിങ്ങൾ ഇതിലെ പാഠം കാണുകയും മനസ്സിലാക്കുകയും ചെയ്യാത്തത്. നിങ്ങൾ ഉൽബുദ്ധരാവുകയും ശരിയായ മാർഗത്തിൽ എത്തിച്ചേരുകയും ചെയ്യുന്ന വിധത്തിൽ വാക്യങ്ങൾ നിങ്ങൾ എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല? രാത്രിയെക്കുറിച്ച് പറഞ്ഞപ്പോൾ അവൻ പറഞ്ഞു: (എന്നിരിക്കെ നിങ്ങൾ കേട്ട് മനസ്സിലാക്കുന്നില്ലേ?) പകലിനെ പറഞ്ഞപ്പോൾ: (നിങ്ങൾ കണ്ട് മനസ്സിലാക്കുന്നില്ലേ). രാത്രിയിലെ കേൾവിയാണ് ഏറ്റവും ഫലപ്രദം; പകൽ സമയത്ത് കാഴ്ചയും. അല്ലാഹു തനിക്ക് നൽകിയ അനുഗ്രങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവ മനസ്സിലാക്കാൻ ശ്രമിക്കുകയും. ഈ അനുഗ്രഹങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ അവസ്ഥ എന്തായിരിക്കുമെന്ന് താരതമ്യം ചെയ്ത് മനസ്സിലാക്കണമെന്നാണ് അല്ലാഹു ഈ വചനങ്ങളിലൂടെ ഉണർത്തുന്നത്. ഈ അനുഗ്രഹങ്ങൾ ഉള്ളപ്പോഴുള്ള അവസ്ഥയും ഇല്ലാത്തപ്പോഴുള്ള അവസ്ഥയും താരതമ്യം ചെയ്താൽ അവന്റെ അനുഗ്രഹം ബോധ്യമാകും.

പതിവായി കാണുന്ന അനുഗ്രഹങ്ങളെക്കുറിച്ച് അവൻ ചിന്തിക്കില്ല. ഇത് എന്നും ഇങ്ങനെത്തന്നെ ഉണ്ടാകുമെന്നാണ് അവൻ വിചാരിക്കുന്നത്. അല്ലാഹുവിനെ സ്തുതിക്കാൻ അവൻ മറക്കും. എല്ലായ്പ്പോഴും ഈ അനുഗ്രഹങ്ങളുടെ ആവശ്യകത അവൻ തിരിച്ചറിയുന്നില്ല. അങ്ങനെയുള്ള ഒരു വ്യക്തി ഒരിക്കലും താൻ ആസ്വദിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുകയോ അത് ശ്രദ്ധിക്കുകയോ ചെയ്യില്ല. ■



അമീന തൻസീം

# ഇസ്‌ലാമിലെ ആതിഥ്യമര്യാദ

ഇസ്‌ലാമിക സാമൂഹിക മര്യാദകളിൽ പെട്ട സുപ്രധാനമായ ഒന്നാണ് അതിഥികളെ ആദരിക്കുക എന്നത്. പ്രവാചകാനുചരന്മാരുടെ ജീവിതം ഈ ധാർമിക ഉത്തരവാദിത്തം എങ്ങനെ സാമൂഹികവും വ്യക്തിപരവുമായ തലങ്ങളിൽ പൂർണതയോടെ പ്രയോഗിക്കാമെന്ന് കാണിച്ചുതരുന്നു. അതിഥിയെ സ്വീകരിക്കുക എന്നത് കേവലം ഒരു സാംസ്കാരിക ആചാരം എന്നതിലുപരി, അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും സാമൂഹിക ഐക്യദാർഢ്യത്തിന്റെയും പ്രതീകമായി ആദ്യകാല മുസ്‌ലിം സമൂഹം കണ്ടു.

ഇസ്‌ലാമിക വീക്ഷണത്തിൽ ആതിഥേയത്വം ഒരു വിശ്വാസിയുടെ അടിസ്ഥാനപരമായ കടമയാണ്. ഇത് വിശ്വാസത്തിന്റെ പ്രകടനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മുഹമ്മദ്നബി(സ്വ) ആതിഥേയത്വത്തെ അല്ലാഹുവിലും അന്ത്യനാളിലും ഉള്ള വിശ്വാസത്തിന്റെ അടയാളമായി പ്രഖ്യാപിച്ചു:. “ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവൻ തന്റെ അതിഥിക്ക്

ആതിഥേയത്വം എന്നതിലൂടെ ഉദ്ദേശിക്കുന്നത് അതിഥിയെ ഭൗതികമായി സംതൃപ്തനാക്കുക എന്നതിലുപരി അവരെ ആദരിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ്. ഈ ആശയമാണ് إِكْرَامُ الضُّيُوف എന്ന സംജ്ഞ സൂചിപ്പിക്കുന്നത്. ആതിഥേയത്വം പ്രകടിപ്പിക്കാത്ത വ്യക്തിയിൽ യാതൊരു നന്മയുമില്ലെന്ന് പ്രവാചകൻ (സ്വ) പഠിപ്പിച്ചു.

ആതിഥ്യം നൽകട്ടെ, ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവൻ തന്റെ അയൽക്കാരനെ ഉദാരമായി സൽക്കരിക്കട്ടെ, ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവൻ നല്ലത് പറയുകയോ അല്ലെങ്കിൽ മൗനം പാലിക്കുകയോ ചെയ്യട്ടെ" (സ്വഹീഹുൽ ബുഖാരി).

ഈ കൽപന ആതിഥേയത്വം എന്ന സാമൂഹിക കടമയെ, നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനകൾക്ക് സമാനമായ ആത്മീയ മൂല്യമുള്ള ഒരു പ്രവൃത്തിയായി ഉയർത്തുന്നു.

ആതിഥേയത്വം എന്നതിലൂടെ ഉദ്ദേശിക്കുന്നത് അതിഥിയെ ഭൗതികമായി സംതൃപ്തനാക്കുക എന്നതിലുപരി അവരെ ആദരിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ്. ഈ ആശയമാണ് إِكْـــرَامُ الضُّيُـــوف എന്ന സംജ്ഞ സൂചിപ്പിക്കുന്നത്. ആതിഥേയത്വം പ്രകടിപ്പിക്കാത്ത വ്യക്തിയിൽ യാതൊരു നന്മയുമില്ലെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചു. അതിഥിയെ ആദരിക്കാനുള്ള ഈ പ്രേരണ, കേവലം നിയമപരമായ ഒരു ബാധ്യത എന്നതിലുപരി, സാമൂഹികബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ദാരിദ്ര്യമനുഭവിക്കുന്നവരെ സഹായിക്കുന്നതിനും വേണ്ടിയുള്ള ആത്മീയമായ ഒരു പ്രേരണയായി വർത്തിക്കുന്നു. ആതിഥേയത്വത്തിലൂടെ ലഭിക്കുന്ന പ്രതിഫലം അല്ലാഹുവിങ്കൽനിന്നാണ് എന്ന വിശ്വാസം, ആളുകളെ വലിയ ത്യാഗങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്ന കാതലായ ഘടകമായി മാറുന്നു.

ആതിഥേയത്വത്തിന്റെ കാര്യത്തിൽ ഇസ്‌ലാം നൽകുന്ന ഉന്നതമായ മാതൃക ഇബ്റാഹീം നബി (അ)യുടെതാണ്. ഖുർആനിൽ അത് പരാമർശിക്കുന്നതായി കാണാം:

"നമ്മുടെ ദൂതൻമാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് വരികയുണ്ടായി. അവർ പറഞ്ഞു: 'സലാം.' അദ്ദേഹം പ്രതിവചിച്ചു: 'സലാം.' വൈകിയില്ല. അദ്ദേഹം ഒരു ചുട്ടുവേവിച്ച മൂരിക്കുട്ടിയെ കൊണ്ടുവന്നു" (ഖുർആൻ 11:69).

ഈ സംഭവത്തിൽ ശ്രദ്ധേയമായ രണ്ടു ഘടകങ്ങളുണ്ട്: 'ധൃതി' കാണിച്ചത് അതിഥിക്ക് കാത്തിരിക്കേണ്ടിവരുന്നത് ഒഴിവാക്കാനാണ്. ഇത് അതിഥിയുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് ഉടൻ പൂർത്തീകരിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. 'ചുട്ടുവേവിച്ച മൂരിക്കുട്ടി'യുടെ മാംസം ഭക്ഷിക്കാനായി നൽകിയത് അതിഥിയെ തന്റെ കഴിവിന്റെ പരമാവധി ആദരിച്ചതിന്റെയും ഉന്നതമായ ഔദാര്യത്തെയുമാണ് സൂചിപ്പിക്കുന്നത്.

ജനങ്ങൾക്ക് ഭക്ഷണം നൽകുന്നത് ഇസ്‌ലാമിലെ ഉത്തമമായ കാര്യങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. നബി(സ്വ)യോട് ചോദിക്കപ്പെട്ടു: "ഇസ്‌ലാമിലെ ഏതു കാര്യമാണ് ഏറ്റവും ഉത്തമം?' അവിടുന്ന് മറുപടി പറഞ്ഞു: 'ജനങ്ങൾക്ക് ഭക്ഷണം നൽകുകയും നിങ്ങൾക്ക് അറിയാവുന്നവർക്കും അറിയാത്തവർക്കും സലാം പറയുകയും ചെയ്യുക' (സ്വഹീഹുൽ ബുഖാരി).

സ്വഹാബാക്കളുടെ ചരിത്രത്തിലെ ആതിഥേയത്വത്തിന്റെ ഏറ്റവും തിളക്കമാർന്ന അധ്യായം മദീനയിലെ അൻസ്വാറുകൾ മക്കയിൽനിന്ന് പലായനം ചെയ്തെത്തിയ മുഹാജിറുകളെ സ്വീകരിച്ച സംഭവമാണ്. മുഹാജിറുകൾ മദീനയിലെത്തിയപ്പോൾ, പ്രവാചകൻ(സ്വ) അവർക്കിടയിൽ സാഹോദര്യ ബന്ധം സ്ഥാ

ഇസ്‌ലാമിക കർമശാസ്ത്രമനുസരിച്ച്, യാത്രക്കാരായ അതിഥികൾക്ക് ആതിഥ്യം നൽകേണ്ടത് നിർബന്ധമാണ്. ഇതിന്റെ കാലാവധി മൂന്ന് ദിവസമായി നിശ്ചയിച്ചിരിക്കുന്നു. ആദ്യദിവസം അതിഥിക്ക് നൽകാവുന്നതിൽ ഏറ്റവും മികച്ച സൗകര്യങ്ങളും ഭക്ഷണവും നൽകണം. എന്നാൽ, രണ്ടാം ദിവസവും മൂന്നാം ദിവസവും സാധാരണ നിലയിലുള്ള ആതിഥ്യം മതിയാകും. മൂന്ന് ദിവസത്തിന് ശേഷം അതിഥിക്ക് നൽകുന്ന ഏത് ആതിഥേയത്വവും സ്വദഖയായി കണക്കാക്കപ്പെടുന്നു; അത് ആതിഥേയന് നിർബന്ധമില്ല.

പിച്ചു. ഈ സാഹോദര്യ കരാർ കേവലം ആത്മീയ ബന്ധം സ്ഥാപിക്കൽ മാത്രമായിരുന്നില്ല, മറിച്ച് മദീനയിലെ പുതിയ സമൂഹത്തിന് അത്യന്താപേക്ഷിതമായ ഒരു സാമൂഹിക-സാമ്പത്തിക സുരക്ഷാ സംവിധാനം കൂടിയായിരുന്നു.

മുഹാജിറുകൾ തങ്ങളുടെ സ്വത്തും വ്യാപാര ബന്ധങ്ങളും ഉപേക്ഷിച്ചാണ് വന്നത്. അതിനാൽ, അൻസ്വാറുകൾ തങ്ങളുടെ അതിഥികളെ താൽക്കാലികമായി സൽക്കരിക്കുക എന്നതിലുപരി, അവരെ തങ്ങളുടെ വീടുകളിലേക്കും സാമ്പത്തിക വൃത്തങ്ങളിലേക്കും ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും സ്വാഗതം ചെയ്തു. ഈ സാമൂഹിക ഐക്യദാർഢ്യത്തിന്റെ സ്ഥാപനം, വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നും ഗോത്രങ്ങളിൽനിന്നുമുള്ള ആളുകൾക്കിടയിൽ ഐക്യം സ്ഥാപിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. അതുവഴി പുതിയ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആന്തരിക സ്ഥിരത ഉറപ്പാക്കി.

അൻസ്വാറുകളുടെ ആതിഥേയത്വത്തിന്റെ പരമമായ തത്ത്വം 'ഈസാർ' (إيثار) ആയിരുന്നു. 'ഈസാർ' എന്ന പദം സ്വന്തം ആവശ്യം നിലനിൽക്കുമ്പോൾ പോലും മറ്റൊരാൾക്ക് മുൻഗണന നൽകുന്നതിനെ സൂചിപ്പിക്കുന്നു. അതിഥികൾ മൂന്നു ദിവസത്തെ നിർബന്ധിത ആതിഥേയത്വം ലഭിക്കാൻ അവകാശമുള്ളവരാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അൻസ്വാറുകൾ അതിലുമെത്രയോ അധികം ഔദാര്യം കാണിച്ചു. അവരുടെ ഈ മഹത്തായ ത്യാഗത്തെ ക്വുർആൻ പ്രശംസിക്കുന്നത് കാണുക:

"...തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (59:9).

ഈ പ്രവർത്തനം ഭൗതികമായ ഒരു ത്യാഗം എന്നതിലുപരി, ആന്തരികമായ ആത്മീയ ശുദ്ധീകരണത്തിന്റെയും അത്യാഗ്രഹത്തെ മറികടക്കുന്നതിന്റെയും തെളിവാണ്. വ്യക്തിഗത തലത്തിലും സ്വഹാബാക്കൾ ആതിഥേയത്വത്തിന്റെ ഉന്നതമായ മാതൃകകൾ കാണിച്ചു. അതിനൊരു ഉദാഹരണമാണ് അബൂ ത്വൽഹ(റ)യുടെയും ഉമ്മു സുലൈമ(റ)യുടെയും വീട്ടിൽ അതിഥികൾ വന്നപ്പോഴുണ്ടായ സംഭവം.

ഒരു ദിവസം വിശന്നവശനായ ഒരാൾ പ്രവാചകന്റെ അടുക്കൽ വന്നു. പ്രവാചകന്റെ ഭാര്യമാരുടെ വീടുകളിൽ ഭക്ഷണമൊന്നും ഇല്ലാത്തതിനാൽ അൻസ്വാരിയായ അബൂത്വൽഹ(റ) ആ അതിഥിയെ തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അദ്ദേഹം ഭാര്യയോട് വീട്ടിൽ വല്ല ഭക്ഷണവുമുണ്ടോ എന്ന് ചോദിച്ചു. അവർ കുട്ടികൾക്കുള്ള ഭക്ഷണം മാത്രമേയുള്ളൂ എന്ന് മറുപടി നൽകി. അബൂത്വൽഹയുടെ നിർദേശപ്രകാരം ഭാര്യ കുട്ടികളെ ഉറക്കിക്കിടത്തുകയും അതിഥി വീട്ടിൽ പ്രവേശിക്കുമ്പോൾ അറിയാത്ത മട്ടിൽ വിളക്ക് കെടുത്തി ആതിഥേയരും ഭക്ഷണം കഴിക്കുന്നുണ്ടെന്ന് അതിഥിക്ക് തോന്നാൻ ഇടവരു

ത്തുകയും ചെയ്തു. അങ്ങനെ, അതിഥി വയറുനിറയെ ഭക്ഷണം കഴിച്ചു, ദമ്പതികൾ വിശന്നുറങ്ങി.

പിറ്റേന്ന് രാവിലെ, ഈ ദമ്പതികളെക്കുറിച്ച് അല്ലാഹു ഒരു വാക്യം അവതരിപ്പിച്ചതായി പ്രവാചകൻ (സ്വ) അറിയിച്ചു. ഈ സംഭവം അതിഥിക്കുവേണ്ടി സ്വന്തം കുടുംബത്തെക്കാൾ മുൻഗണന നൽകുന്നത് അനുവദനീയമാണ് എന്ന കർമശാസ്ത്രപരമായ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. അതിഥിയെ ബുദ്ധിമുട്ടിക്കാതെ, തന്റെ ഔദാര്യം പ്രകടിപ്പിക്കാതെ, ത്യാഗം ചെയ്യാനുള്ള ആതിഥേയന്റെ മര്യാദയുടെ ഉന്നതമായ മാതൃകയാണിത്.

സ്വഹാബാചരിത്രത്തിലെ ആതിഥ്യ മര്യാദയുടെ മറ്റൊരു ഉദാഹരണമാണ് അബൂഅയ്യൂബ് അൽഅൻസ്വാരി(റ) നബി(സ്വ)ക്ക് ആതിഥ്യം നൽകിയ സന്ദർഭം. മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്ത പ്രവാചകൻ(സ്വ) തന്റെ ഒട്ടകം എവിടെ മുട്ടുകുത്തുന്നുവോ അവിടെ താമസിക്കാം എന്ന് തീരുമാനിച്ചു. ഒട്ടകം മുട്ടുകുത്തിയത് അബൂഅയ്യൂബ് അൽഅൻസ്വാരി(റ)യുടെ വീടിന് മുന്നിലായിരുന്നു. അങ്ങനെ അദ്ദേഹത്തിന് ഏഴ് മാസത്തോളം പ്രവാചകന് ആതിഥ്യമരുളാനുള്ള മഹത്തായ ഭാഗ്യം ലഭിച്ചു.

അബൂഅയ്യൂബി(റ)ന്റെ വീട് രണ്ട് നിലകളുള്ളതായിരുന്നു. പ്രവാചകൻ(സ്വ) തന്റെ സൗകര്യങ്ങൾ പരിഗണിച്ച് താഴത്തെ നിലയിൽ താമസിക്കാൻ നിർബന്ധിച്ചു. എന്നാൽ, അബൂഅയ്യൂബും ഭാര്യയും ഇതിൽ അസ്വസ്ഥരായി. തങ്ങൾ പ്രവാചകന്റെ തലയ്ക്ക് മുകളിൽ നടക്കുമ്പോൾ തറയുടെ വിടവുകളിലൂടെ പൊടി വീഴുകയോ ശബ്ദമുണ്ടാകുകയോ ചെയ്താൽ അത് പ്രവാചകനെ അനാദരിക്കുന്നതിന് തുല്യമാകുമോ എന്ന് അവർ ഭയന്നു.



അബൂഅയ്യൂബ്(റ) നബി(സ്വ)യോട് മുകളിലത്തെ നിലയിൽ താമസിക്കാൻ നിർബന്ധിച്ചെങ്കിലും അവിടുന്ന് സമ്മതിച്ചില്ല. ഒരു രാത്രി, മുകളിലത്തെ മുറിയിൽ വെള്ളം തൂകിയപ്പോൾ, അത് താഴെയുള്ള പ്രവാചകനെ ബുദ്ധിമുട്ടിക്കാതിരിക്കാൻ അബൂ അയ്യൂബും(റ) ഭാര്യയും ഉടൻതന്നെ തുണികൊണ്ട് വെള്ളം ഒപ്പിയെടുത്തു. ഈ സംഭവം മനസ്സിലാക്കിയ പ്രവാചകൻ(സ്വ) ആതിഥേയന്റെ അസ്വസ്ഥതയും ബുദ്ധിമുട്ടും മനസ്സിലാക്കി മുകളിലത്തെ നിലയിലേക്ക് മാറാൻ സമ്മതിച്ചു.

അതിഥിയായ പ്രവാചകന്റെ ഈ നിലപാട്, ആതിഥേയന്റെ ബുദ്ധിമുട്ടുകൾ കണക്കിലെടുക്കണം എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നതാണ്. അതിഥിയും ആതിഥേയനും പരസ്പരം ബഹുമാനിക്കുകയും സൗകര്യം പരിഗണിക്കുകയും ചെയ്യേണ്ടതുണ്ടെന്നും ഇതിൽനിന്നും മനസ്സിലാക്കാം.

**മൂന്നു ദിവസം അതിഥിയുടെ അവകാശം**

‘അതിഥിയെ ആദരിക്കേണ്ടത് മൂന്ന് ദിവസമാണ്. അതിനു ശേഷമുള്ളത് അവന് നൽകുന്ന ധർമമാണ്’ എന്നും ‘അതിഥിയായി വരുന്നയാൾ, ആതിഥേയനെ വിഷമിപ്പിക്കുന്ന രീതിയിൽ (അവകാശപ്പെട്ട മൂന്ന് ദിവസത്തിലധികം) അധികകാലം താമസിക്കുന്നത് അനുവദനീയമല്ല’ എന്നും പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നു (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിക കർമശാസ്ത്രമനുസരിച്ച്, യാത്രക്കാരായ അതിഥികൾക്ക് ആതിഥ്യം നൽകേണ്ടത് നിർബന്ധമാണ്. ഇതിന്റെ കാലാവധി മൂന്ന് ദിവസമായി നിശ്ചയിച്ചിരിക്കുന്നു. ആദ്യദിവസം അതിഥിക്ക് നൽകാവുന്നതിൽ ഏറ്റവും മികച്ച സൗകര്യങ്ങളും ഭക്ഷണവും നൽകണം. എന്നാൽ, രണ്ടാം ദിവസവും മൂന്നാം ദിവസവും സാധാരണ നിലയിലുള്ള ആതിഥ്യം മതിയാകും. മൂന്ന് ദിവസത്തിന് ശേഷം അതിഥിക്ക് നൽകുന്ന ഏത് ആതിഥേയത്വവും സ്വദഖയായി കണക്കാക്കപ്പെടുന്നു; അത് ആതിഥേയന് നിർബന്ധമില്ല.

ആതിഥേയത്വം പോലെതന്നെ അതിഥി പാലിക്കേണ്ട മര്യാദകൾക്കും ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. ഇതിൽ ഏറ്റവും പ്രധാനം അമിതമായി താമസിച്ച് ആതിഥേയന് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കുക എന്നതാണ്. പ്രവാചകൻ(സ്വ) പറഞ്ഞു: "ഒരു മുസ്‌ലിമിന് തന്റെ സഹോദരനോടൊപ്പം അവനെ പാപിയാക്കുന്നതുവരെ താമസിക്കാൻ അനുവാദമില്ല."

ഒരു അതിഥി എങ്ങനെയാണ് ആതിഥേയനെ പാപിയാക്കുക? അതിഥി വളരെക്കാലം താമസിച്ച് ആതിഥേയന്റെ വിഭവങ്ങൾ പൂർണമായി തീർന്നുപോവുകയും തുടർന്ന് അതിഥിയെ സൽക്കരിക്കാൻ കഴിയില്ല എന്ന അവസ്ഥയിൽ ആതിഥേയൻ വിഷമിക്കുകയും ചെയ്യും. കടം വാങ്ങേണ്ട അവസ്ഥ വരികയും അത് സമയത്ത് കൊടുത്തു വീട്ടാൻ കഴിയാതിരിക്കുകയും ചെയ്തേക്കാം. അതുകൊണ്ട്, അതിഥി തന്റെ സൗകര്യത്തെക്കാൾ ആതിഥേയന്റെ സാമ്പത്തിക സ്ഥിതിയും ജോലിയും മറ്റ് പ്രതിബദ്ധതകളും പരിഗണിച്ച് സന്ദർശനം ചുരുക്കണം. വീടിന്റെ എല്ലാ കോണുകളും പരിശോധിക്കുകയോ കൂടുതൽ ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിക്കുകയോ ചെയ്യരുത്.

എന്തൊക്കെയാണ് ആതിഥേയൻ പാലിക്കേണ്ട മര്യാദകൾ എന്നു നമുക്കു പരിശോധിക്കാം. ആതിഥേയൻ അതിഥിയെ ഊഷ്മളമായി സ്വീകരിക്കുകയും ഹസ്തദാനം ചെയ്യുകയും സൗകര്യ പ്രദമായ ഇരിപ്പിടം നൽകുകയും ചെയ്യണം. ഇബ്റാഹീം നബി(അ)യെ മാതൃകയാക്കി അതിഥിയെ കാത്തുനിർത്താതെ വേഗത്തിൽ ഭക്ഷണം നൽകുന്നത് സുന്നത്താണ്.

പ്രവാചകൻ(സ്വ) അതിഥികളോട് കാണിച്ചിരുന്ന ഔദാര്യം ശ്രദ്ധേയമാണ്. അദ്ദേഹം അതിഥികൾക്കായി സ്വന്തം തലയിണ പോലും നീക്കിവെക്കുകയും അത് സ്വീകരിക്കുന്നതുവരെ നിർബന്ധിക്കുകയും ചെയ്യുമായിരുന്നു. വിരുന്നുകളിൽ ദരിദ്രരെ മാറ്റിയിരുത്തുന്നത് അവഹേളനവും തെറ്റുമാണ്. പാപവുമാണ്; എല്ലാവരെയും തുല്യരായി കണക്കാക്കണം. ആതിഥേയൻ തന്റെ ഔദാര്യം പ്രകടിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും അതിഥിയുടെ സ്വകാര്യതയെ മാനിക്കുകയും വേണം.

വർത്തമാന കാലത്ത് ഇസ്‌ലാമിലെ ആതിഥേയ മര്യാദകളുടെ, പ്രത്യേകിച്ചും മദീനയിലെ അൻസ്വാറുകൾ മുഹാജിറുകൾക്കു നൽകിയ സ്വീകരണത്തിന്റെ വിശാല ചരിത്രം ഏറെ പ്രസക്തമാണ്. വിശ്വാസികളെ അത് പ്രചോദിപ്പിക്കേണ്ടതാണ്.

അബൂഅയ്യൂബ് അൽഅൻസ്വാരി(റ) നബി(സ്വ)ക്ക് ഏഴ് മാസത്തോളം ആതിഥ്യമരുളിയതും അൻസ്വാറുകൾ മുഹാജിറുകൾക്ക് സ്ഥിരമായ സഹായം നൽകിയതും സൂചിപ്പിക്കുന്നത്, ആതിഥ്യം എന്നത് സന്ദർഭാനുസരണം താൽക്കാലികമോ സാമൂഹികബന്ധങ്ങളെ ദീർഘകാലത്തേക്ക് നിലനിർത്തുന്നതോ ആയ ഒരു സൽകർമമാണ് എന്നാണ്. ■

ആതിഥേയത്വം പോലെതന്നെ അതിഥി പാലിക്കേണ്ട മര്യാദകൾക്കും ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. ഇതിൽ ഏറ്റവും പ്രധാനം അമിതമായി താമസിച്ച് ആതിഥേയന് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കുക എന്നതാണ്. വർത്തമാന കാലത്ത് ഇസ്‌ലാമിലെ ആതിഥേയ മര്യാദകളുടെ, പ്രത്യേകിച്ചും മദീനയിലെ അൻസ്വാറുകൾ മുഹാജിറുകൾക്കു നൽകിയ സ്വീകരണത്തിന്റെ വിശാല ചരിത്രം ഏറെ പ്രസക്തമാണ്. വിശ്വാസികളെ അത് പ്രചോദിപ്പിക്കേണ്ടതാണ്.

ഇഅ്ജാസ് ബിൻ ഇസ്മാഈൽ
മസ്കത്ത്
: 00968-98242217




ക്വുർആനിലെ സാർവലൗകിക വിളികൾ 1

# ‘ഹേ, മനുഷ്യരേ!’

## അതിരുകളില്ലാത്ത ദൈവിക സംബോധന

വിശുദ്ധ ക്വുർആൻ മനുഷ്യരാശിയുടെ മുമ്പിൽ വയ്ക്കുന്ന ഏറ്റവും വലിയ സവിശേഷതകളിലൊന്ന് അതിന്റെ സാർവലൗകികതയാണ്. അത് ഒരു പ്രത്യേക ദേശത്തെയോ ഭാഷയെയോ വംശത്തെയോ ഗോത്രത്തെയോ മാത്രം അഭിസംബോധന ചെയ്യുന്ന വേദഗ്രന്ഥമല്ല. മറിച്ച്, ഭൂമിയിലെ ഓരോ മനുഷ്യനോടും അത് സംവദിക്കുന്നുണ്ട്. ഈ സംവാദത്തിന്റെ ഏറ്റവും മനോഹരമായ പ്രഖ്യാപനമാണ് ക്വുർആനിൽ പലയിടങ്ങളിലായി ആവർത്തിക്കപ്പെടുന്ന ‘യാ അയ്യുഹന്നാസ്’ (ഹേ, മനുഷ്യരേ!) എന്ന വിളി.

വിശ്വാസിയെന്നോ അവിശ്വാസിയെന്നോ കപടവിശ്വാസിയെന്നോ വേർതിരിവില്ലാതെ, ആദം സന്തതികളെ ഒന്നടങ്കം സ്രഷ്ടാവ് തന്റെ സന്നിധിയിലേക്ക് വിളിച്ചുവരുത്തുന്ന ഗൗരവമേറിയ ഒരു സംബോധനയാണിത്. ക്വുർആനിൽ ഇരുപതോളം സ്ഥലങ്ങളിൽ

ഈ പ്രയോഗം കടന്നുവരുന്നുണ്ട്. ഓരോ തവണ ഈ വിളി വരുമ്പോഴും അതിനു പിന്നാലെ മനുഷ്യന്റെ അസ്തിത്വത്തെയോ ധാർമികതയെയോ മരണത്തെയോ പരലോകത്തെയോ സംബന്ധിച്ച സുപ്രധാനമായ ഒരു കാര്യവും ഉണ്ടായിരിക്കും.

**എന്തുകൊണ്ട് 'ഹേ, മനുഷ്യരേ?'**

ഖുർആനിലെ 'ഹേ, സത്യവിശ്വാസികളേ' (യാ അയ്യുഹല്ലദീന ആമനൂ) എന്ന വിളി, ദൈവിക മാർഗം അംഗീകരിച്ചവരെയാണെങ്കിൽ 'ഹേ, മനുഷ്യരേ' എന്ന വിളി മനുഷ്യകുലത്തെ ഒന്നാകെയാണ്.

അതിരുകളില്ലാത്ത മാനവികത: ഈ വിളിക്ക് മുന്നിൽ രാജാവെന്നോ പ്രജയെന്നോ വെളുത്തവനെന്നോ കറുത്തവനെന്നോ വ്യത്യാസമില്ല. സ്രഷ്ടാവിന്റെ മുന്നിൽ മനുഷ്യരെല്ലാം സമന്മാരാണെന്ന വിശ്വമാനവികതയുടെ വിളംബരമാണത്.

പൊതുവായ അടിത്തറ: മനുഷ്യരെല്ലാം ഒരൊറ്റ സത്തയിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടതെന്നും ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ഈ വചനങ്ങൾ ഓർമിപ്പിക്കുന്നു. വംശീയതയുടെയും വർഗീയതയുടെയും മതിലുകൾ തകർത്തെറിയാൻ ഈയൊരു വിളിക്ക് സാധിക്കുന്നു.

യുക്തിയോടുള്ള ചോദ്യങ്ങൾ: ഈ സംബോധനകൾ പലപ്പോഴും മനുഷ്യന്റെ സാമാന്യ ബുദ്ധിയോടാണ് സംസാരിക്കുന്നത്. 'നിങ്ങളെ പടച്ചത് ആരാണ്?,' 'ആകാശഭൂമികൾ സംവിധാനിച്ചത് ആരാണ്?,' 'മരണശേഷം എന്ത്?' തുടങ്ങിയ ചോദ്യങ്ങളിലൂടെ മനുഷ്യനെ ചിന്തിപ്പിക്കാനാണ് ഇത് ശ്രമിക്കുന്നത്.

> ഒരു ഉപകാരം ചെയ്ത വ്യക്തിയോട് നന്ദി കാണിക്കുക എന്നത് മനുഷ്യന്റെ സഹജമായ ഗുണമാണ്. എങ്കിൽ, ഇല്ലായ്മയിൽനിന്നും നമ്മെ സൃഷ്ടിച്ച്, ജീവിക്കാനുള്ള വിഭവങ്ങൾ ഒരുക്കിത്തന്ന ആ മഹാശക്തിയോട് നന്ദിയും കീഴ്വണക്കവും ഉള്ളവരായിരിക്കുക എന്നത് മനുഷ്യന്റെ ഏറ്റവും വലിയ ബാധ്യതയല്ലേ? ഈ യാഥാർഥ്യം തിരിച്ചറിഞ്ഞുകൊണ്ട്, സ്രഷ്ടാവിനല്ലാതെ മറ്റാർക്കും ആരാധനയിൽ പങ്കുനൽകരുതെന്നും (തൗഹീദ്) അവനെ മാത്രമെ ആരാധിക്കാവൂ എന്നും നമ്മെ പഠിപ്പിക്കുന്നു.



**ഏകദൈവാരാധന: മനുഷ്യരാശിയുടെ പ്രകൃതിപരമായ ബാധ്യത**

-മനുഷ്യൻ എക്കാലത്തും ഉത്തരം തേടുന്ന ചില ചോദ്യങ്ങളുണ്ട്:

'ഞാൻ ആരാണ്?'

'എന്നെ സൃഷ്ടിച്ചതാര്?'

'എന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്ത്?'

ജാതി-മത-വർഗ വ്യത്യാസങ്ങൾക്കപ്പുറം, മനുഷ്യന്റെ സാമാന്യ യുക്തിയോട് സംവദിച്ചുകൊണ്ട്, ഈ ചോദ്യങ്ങൾക്കുള്ള ഏറ്റവും കൃത്യവും വ്യക്തവുമായ മറുപടിയാണ് വിശുദ്ധ ഖുർആനിലെ സൂറതുൽ ബഖറയിലെ ഇരുപത്തിയൊന്നാം വചനം നൽകുന്നത്. കേവലം ഒരു മതവിഭാഗത്തെയല്ല, മറിച്ച് മുഴുവൻ മനുഷ്യകുലത്തെയും അഭിസംബോധന ചെയ്തുകൊണ്ടുള്ള സ്രഷ്ടാവിന്റെ വിളംബരമാണത്.

"ഹേ, മനുഷ്യരേ! നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ

സൂക്ഷ്മതയുള്ളവരായേക്കാം.” (2:21)

ഈ വചനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിലെ 'ഹേ, മനുഷ്യരേ' (യാ അയ്യുഹന്നാസ്) എന്ന വിളിയാണ്. ഖുർആൻ അവതരിക്കുന്ന കാലഘട്ടത്തിലുള്ളവർ മാത്രമല്ല, ലോകാവസാനംവരെ വരാനിരിക്കുന്ന സകല മനുഷ്യരും ഈ വിളിയുടെ പരിധിയിൽ വരുന്നു. വിശ്വാസിയെന്നോ അവിശ്വാസിയെന്നോ കപടവിശ്വാസിയെന്നോ ഉള്ള വേർതിരിവുകൾക്ക് ഇവിടെ സ്ഥാനമില്ല. എല്ലാവർക്കും അസ്തിത്വം നൽകിയത് ഒരേയൊരു സ്രഷ്ടാവാണ്. അതിനാൽ, ആ സ്രഷ്ടാവിനെ ആരാധിക്കാനുള്ള ബാധ്യതയിൽനിന്നും ആരും ഒഴിവായിപ്പോകുന്നില്ല.

ആരാധനയ്ക്കുള്ള അർഹതയും യുക്തിയും: എന്തുകൊണ്ട് ദൈവത്തെ ആരാധിക്കണം എന്ന ചോദ്യത്തിന് മനുഷ്യന്റെ സാമാന്യബുദ്ധിക്ക് നിരക്കുന്ന മറുപടിയാണ് ഈ വചനം നൽകുന്നത്:

സൃഷ്ടിപ്പിലെ ഏകത്വം: നമ്മെയും നമുക്ക് മുമ്പുണ്ടായിരുന്ന കോടിക്കണക്കിന് മനുഷ്യരെയും സൃഷ്ടിച്ചത് അവനാണ്.

പരിപാലനം: നമ്മുടെ നിലനിൽപിനും ജീവിതത്തിനും ആധാരമായ വമ്പിച്ച അനുഗ്രഹങ്ങൾ നൽകി നമ്മെ പരിപാലിക്കുന്ന 'റബ്ബ്' (രക്ഷിതാവ്) അവനാണ്.

ഒരു ഉപകാരം ചെയ്ത വ്യക്തിയോട് നന്ദി കാണിക്കുക എന്നത് മനുഷ്യന്റെ സഹജമായ ഗുണമാണ്. എങ്കിൽ, ഇല്ലായ്മയിൽനിന്നും നമ്മെ സൃഷ്ടിച്ച്, ജീവിക്കാനുള്ള വിഭവങ്ങൾ ഒരുക്കിത്തന്ന ആ മഹാശക്തിയോട് നന്ദിയും കീഴ്‌വണക്കവും ഉള്ളവരായിരിക്കുക എന്നത് മനുഷ്യന്റെ ഏറ്റവും വലിയ ബാധ്യതയല്ലേ? ഈ യാഥാർഥ്യം തിരിച്ചറിഞ്ഞുകൊണ്ട്, സ്രഷ്ടാവിനല്ലാതെ മറ്റാർക്കും ആരാധനയിൽ പങ്കുനൽകരുതെന്നും (തൗഹീദ്) അവനെ മാത്രമെ ആരാധിക്കാവൂ എന്നും ഈ വചനം പഠിപ്പിക്കുന്നു.

പാരമ്പര്യത്തിന്റെ പേരുപറഞ്ഞുള്ള വഴിതെറ്റലുകൾ: 'നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവൻ' എന്ന പരാമർശത്തിൽ വലിയൊരു പാഠം ഒളിഞ്ഞിരിപ്പുണ്ട്. പലപ്പോഴും മനുഷ്യർ വിഗ്രഹാരാധനയിലേക്കോ ബഹുദൈവാരാധനയിലേക്കോ (ശിർക്ക്) തിരിയുന്നത് തങ്ങളുടെ പൂർവികരെ അന്ധമായി അനുകരിച്ചുകൊണ്ടാണ്. എന്നാൽ, നിങ്ങളുടെ ആ പൂർവികരെ സൃഷ്ടിച്ചതും ഇതേ ദൈവമാണെന്നും അവരും ഏകദൈവത്തെ ആരാധിക്കാൻ ബാധ്യസ്ഥരായിരുന്നുവെന്നും അല്ലാഹു ഓർമിപ്പിക്കുന്നു. തെറ്റായ പാരമ്പര്യങ്ങളെ തള്ളിക്കളയുവാനും സത്യത്തെ പുണരുവാനും ഈ വചനം ആഹ്വാനം ചെയ്യുന്നു.

ലക്ഷ്യം; സൂക്ഷ്മത: ഈ ആരാധനയുടെ ആത്യന്തികമായ ലക്ഷ്യം എന്താണ്? അത് മനുഷ്യന്റെ തന്നെ നന്മയാണ്. 'നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം' എന്ന് വചനം അവസാനിക്കുന്നു. ഏകദൈവാരാധനയിലൂടെ മാത്രമേ മനുഷ്യന് ജീവിതത്തിൽ യഥാർഥ സൂക്ഷ്മതയും (തക്‌വ) ധാർമികബോധവും കൈവരിക്കാൻ സാധിക്കുകയുള്ളൂ. സ്രഷ്ടാവിനെ കുറിച്ചുള്ള ബോധം മനുഷ്യനെ തിന്മകളിൽനിന്ന് തടയുകയും നന്മയിൽ നിലനിർത്തുകയും ചെയ്യുന്നു.


ചുരുക്കത്തിൽ, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ ഏറ്റവും ലളിതമായും എന്നാൽ ഗൗരവതരമായും ഈ വചനം വരച്ചുകാട്ടുന്നു. സൃഷ്ടിച്ചതും പരിപാലിക്കുന്നതും അവനാണെങ്കിൽ, ആരാധിക്കപ്പെടുവാനുള്ള അർഹതയും അവന് മാത്രമാണ്. ഈ തിരിച്ചറിവിലേക്ക് മനുഷ്യൻ മടങ്ങുമ്പോഴാണ് ജീവിതം അതിന്റെ യഥാർഥ ലക്ഷ്യത്തിലെത്തുന്നത്.

സ്രഷ്ടാവ് തന്റെ സൃഷ്ടികളോട് നേരിട്ട് സംസാരിക്കുന്ന ഈ വചനങ്ങൾ മനുഷ്യപ്പറ്റിന്റെയും ഏകദൈവ വിശ്വാസത്തിന്റെയും പരലോക ബോധത്തിന്റെയും പാഠങ്ങളാണ് നമുക്ക് നൽകുന്നത്. എല്ലാ വൈവിധ്യങ്ങൾക്കുമപ്പുറം, മനുഷ്യൻ എന്ന നിലയിൽ നാം അറിഞ്ഞിരിക്കേണ്ട ആ വചനങ്ങൾ നമുക്ക് ഓരോന്നായി പരിശോധിക്കാം. സത്യം ഗ്രഹിക്കാനും അത് ജീവിതത്തിൽ പകർത്താനും നാഥൻ നമ്മെ തുണക്കട്ടെ.

*(തുടരും)*

# കഅ്ബ

ഉസ്മാൻ പാലക്കാഴി
: 9656 292 244



അറിയൂ കൂട്ടുകാരേ,
ഇസ്‌ലാം മതത്തിന്റെ
ഭംഗിയും വിശേഷവും
അതിന്റെ മഹത്ത്വവും.

ലോകത്തെ ഏതുനാട്ടിൽ
വസിക്കും വിശ്വാസിക്കും
നിസ്കരിക്കുവാനുള്ള
ദിശയ,തൊന്നു മാത്രം.

ഏതാണെന്നറിയില്ലേൽ
ചൊല്ലിടാം കൂട്ടുകാരേ,
മക്കയിലുള്ള കഅ്ബ
ഗേഹമാണത് കേട്ടോ.

റബ്ബിനെയാരാധിക്കാൻ
ലോകത്തിൽ ആദ്യമായി
നിർമിച്ച മന്ദിരമാം
കഅ്ബയെന്നറിയേണം.

അല്ലാഹുവിന്റെ ദൂതൻ
ഇബ്റാഹീമും കൂടെ
പുത്രനാം ഇസ്മാഈലും
പടുത്തതാണ് കഅ്ബ.

ഹജ്ജിനും ഉംറക്കുമായ്
മക്കത്ത് ചെല്ലുന്നവർ
കഅ്ബയെ വലംവയ്ക്കും
കാഴ്ചയ്ക്ക് എന്തു ചന്തം!

സ്വർഗത്തിൽനിന്നുമുള്ള
കറുത്ത കല്ലൊന്നതിൻ
മൂലയിൽ കാണാം,മത്
റബ്ബിന്റെ സമ്മാനമാം.

മഖാമു ഇബ്റാഹീം
അതിന്റെ സമീപത്താം
വറ്റാത്തൊരുറവയാം
സംസമുണ്ടതിൻ ചാരെ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



പുറത്തിറങ്ങി
മലയാളത്തിൽ ആദ്യമായി
WISDOM BOOKS
تفسير السعدي
تيسير الكريم الرحمن في تفسير كلام المنان
തഫ്സീർ അസ്സഅദി
മലയാളം
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം
ഹാരിസ് ബിൻ സലീം
നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക
₹450
₹370
ലളിതമായ രീതിയിലുള്ള അവതരണം
തഫ്സീർ അസ്സഅദി
[മലയാളം]
ജുസ്അ് 28-30
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം: ഹാരിസ് ബിൻ സലീം
ORDER NOW
പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു
WISDOM BOOKS
WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road, Chalappuram,
Kozhikode 673002. Mob: +91 7356766478
www.wisdombooksonline.com
CONTACT: Mob: +91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
20 December 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

# നിലപാടുകളിൽ കാലിടറാതെ, ഒമ്പതാം വയസ്സിലേക്ക്...



WISDOM
ISLAMIC ORGANIZATION

ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

**വരി ചേരുക, വായിക്കുക...**

**പ്രചാരണ കാലം**

**2025 നവംബർ: 01 - ഡിസംബർ: 31**

#Nerpathamweekly

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 92075 25244
**mail@nerpatham.com | www.nerpatham.com**